മഗ്ദലനമറിയം

അഥവാ

പശ്ചാത്താപം പ്രായശ്ചിത്തം.

ഗ്രന്ഥകർത്താ:

വള്ളത്തോൾ.

(മൂന്നാം പതിപ്പ്)

Digitized By Kerala Sahitya Akademi

മഗ്ദലനമറിയം

അഥവാ

പശ്ചാത്താപം പ്രായശ്ചിത്തം.

ഗ്രന്ഥകർത്താ:

വള്ളത്തോൾ.

(മൂന്നാം പതിപ്പ്)

പ്രസാധകൻ:

ചിത്രമെഴുത്ത് കെ. എം. വർഗ്ഗീസ്സ്.

കുന്നംകുളം

വള്ളത്തോൾ മുദ്രാലയം.

1102

വില 0-8-0

Digitized By Kerala Sahitya Akademi

Digitized By Kerala Sahitya Akademi

ഒന്നാം പതിപ്പിന്റെ

അവതാരിക

ഇന്നത്തെ സാക്ഷാൽ കേരളകാളിദാസനായ മഹാകവി വള്ളത്തോൾ നാരായണമേനവൻ അവർകളുടെ ഈ ഖണ്ഡകൃതിക്കു് ഒരു അവതാരിക എഴുതുകയെന്നതു് എന്റെ പേരിൽ ക്ഷന്തവ്യമല്ലാത്ത ഒരപരാധമായിരിക്കും; നിശ്ചയം. എന്നാൽ, ഈ വിശിഷ്ടകാവ്യത്തിന്റെ ടിപ്പണീകാരൻ, പ്രസാധകൻ എന്നീ സ്ഥാനങ്ങൾ വഹിപ്പാൻ എനിക്കു ഭാഗ്യം സിദ്ധിച്ചതിനാൽ, അവതാരികാലേഖനവും എന്റെ ഒരു കൎത്തവ്യകൎമ്മമായിത്തീൎന്നുപോയി!

ഒരു യഥാൎത്ഥകവിക്കു സ്വവ്യക്തിക്കു യാതൊരു വ്യാവൎത്തനവുംകൂടാതെ ഭൂലോകത്തിലെ വിവിധചൎയ്യകളിൽപ്പെട്ട ഏതൊരു മനുഷ്യവ്യക്തിയായും, ഏതൊരു മതസ്ഥനായും രൂപാന്തരപ്പെടുവാൻ കഴിയുമെന്നുള്ളതിന് ഒരുത്തമലക്ഷ്യമായി, മേനവൻ അവർകളുടെ മേധാപുടത്തിൽനിന്നു കേരളീയക്രിസ്ത്യൻസമുദായത്തിനു ക്രിസ്തുമതസംബന്ധമായി ലഭിച്ചിട്ടുള്ള ഗാഥാമൃതനിൎഝരിയാണ് 'മഗ്ദലനമറിയം'. ക്രിസ്തീയലോകം മുഴുവൻ ഒരു

Digitized By Kerala Sahitya Akademi

പരിശുദ്ധ ാ ി ഗണിച്ചിട്ടുള്ള 'മഗ്ദലനമറിയം' ശ്രീയേശുക്രിസ്തുവിന്റെ പാദാരവിന്ദങ്ങളിൽ പാ പശാന്തിയ്ക്കായി അനുഷ്ഠിച്ച പശ്ചാത്താപപരമ യാഗമാണ് ഈ കൃതിയിലെ ഇതിവൃത്തം. കഥാവ സ്തുകൊണ്ടു, വർണ്ണനാചാതുരികൊണ്ടും, രീതിസം സ്കാരണ െകൊണ്ടും, ശ്രീമാൻ മേനവൻ അവർകളു ടെ മററെല്ലാ ഖണ്ഡകൃതികളെക്കാളും മീ തയാണ് പ്രസ്തുതഖണ്ഡകൃതി എന്നുകൂടി ഞാൻ വിചാരി ക്കുന്നു.

ഈ ക ത്തി ല ശ്രേഷ്ഠഹിന്ദുക്കളിൽനിന്നു ഏ ാം നൂറ ർ മ പരിവർത്തനംചെയ്തവരായ കേരളീ ്യ ണികൾക്ക് അവ ടെ പാരായണ ഗ്രന്ഥമാ ബൈബിളിനെ അാസ്പദിച്ച് ഈ ഇരുപ താം നൂററാ ക്കൂടിയും പറയത്തക്ക യാതൊരു പദ്യകൃത ിച്ചിട്ടില്ലെന്നുള്ളത് ഏററവും വ്യ സനമ ിക്കുന്നു. ഈ ദുസ്ഥിതിയിൽനിന്നു നസ്രാണ ത്തെ ഉദ്ധ പ്പാൻ ചില ക്രിസ്ത്യാൻ കവ ിച്ചിട്ടുണ്ടെങ്കിലും അവയൊന്നും ത ന്നെ ഇ ഫലവത്തായി പരിണമിച്ചിട്ടി ല്ലെന്നു മ്മതിയ്ക്കേണ്ടിയിരിക്കുന്നു.

ഒ മുദായത്തിന്റെ പുരോഗതിയിൽ സാ ്യ ങ്ങൾക്കും, വിശേഷിച്ചു പദ്യഗ്രന്ഥ ങ്ങൾക്കും, നീയമായ രു സ്ഥാനമുണ്ട്. രാ ഷ്ട്രീയമ മുദായികമായും സിദ്ധിക്കേണ്ട സ

Digitized By Kerala Sahitya Akademi

വിധസ്വാതന്ത്ര്യോൽക്കർഷത്തിന്നുമായി അക്ഷീണയത്നം ചെയ്യാൻ, മനുഷ്യഹൃദയത്തിന്റെ അന്തർഭാഗത്തു നിശ്ശബ്ദമായി പററിക്കൂടി മനുഷ്യവർഗ്ഗത്തെ അനവരതം പ്രേരിപ്പിക്കുന്ന ശക്തി [illegible] അതൊന്നുമാത്രമാണ്. സാന്മാർഗ്ഗികമായും ആദ്ധ്യാത്മികമായും മനുഷ്യസമുദായത്തിന്മേൽ ഒരു വമ്പിച്ച അധികാരമുണ്ട്. [illegible] ത്തിൽനിന്നും നിന്ദ്യതരമായ ജീവിതചര്യ[illegible]ന്നും സ്വായം വിമുക്തി ലഭിക്കുന്നതിനു മനുഷ്യ[illegible]ത്തെ, പ്രേരിപ്പിക്കുന്നതായ അന്തഃകരണവ്യ[illegible]ങ്ങളുടെ ഉള്ളിലൂടെ ഒരു വൈദ്യുതതന്ത്രി[illegible] പ്രശക്തിയെ സദാ പ്രസരിപ്പിച്ചുകൊണ്ടിരിക്കുന്നു.

ഇതേപ്പററി ഗാഢമായി ചിന്തിച്ചു നോക്കുന്നതായാൽ കേരളഭാഷാസാഹിത്യത്തിന്റെ [illegible]ക്കും വളർച്ചയ്ക്കും അനുരൂപമായി ക്രിസ്തുമതതത്വങ്ങൾക്ക പ്രചുരപ്രചാരം സിദ്ധിക്കുന്നില്ലെങ്കിൽ, ഒരു മലയാളപദ്യസാഹിത്യലോകത്തിൽ ക്രിസ്തുമതത്തിന് ഇന്നേവരെയ്ക്കും പറയത്തക്ക യാതൊരു സ്ഥാനവും സിദ്ധിച്ചിട്ടില്ലെന്നുള്ളതുകൊണ്ടുമാത്രമാണ് ഈ സംഗതി ഇയ്യിടയായിട്ടെങ്കിലും, സാഹിത്യപ്രേമികളായ ചില ക്രൈസ്തവമിഷണറിമാരുടെ തലമണ്ടയിൽ കടന്നുകൂടീട്ടുള്ളത് ഒരു വലിയ ഭാഗ്യംതന്നെ!

യേശുക്രിസ്തുവിന്റെ ജീവിതചരിത്രത്തെയോ അഥവാ, ബൈബിളിലെ ഇതിവൃത്തങ്ങളേയോ വി

Digitized By Kerala Sahitya Akademi

ഷയീകരിച്ച് ഏതാനും പദ്യകൃതികൾ ഉണ്ടായാൽ കൊള്ളാമെന്നു ഞാൻ ആഗ്രഹിച്ചുതുടങ്ങിട്ടു കാലം കുറെയായി. ഈ സംഗതി എന്റെ ഒരു മാന്യമിത്രവും, ഒരു പ്രസിദ്ധഗദ്യകാരനും 'ആത്മപോഷിണി'മാനേജരുമായ ദിവ്യശ്രീ പുലിക്കോട്ടിൽ യൌസേഫ് ശെമ്മാച്ചൻ അവർകളോടും, 'സത്യനാദ'പത്രാധിപർ എറണാകുളം മിസ്റ്റർ കെ. പി. പീററർ അവർകളോടും മററു പല മാന്യസ്നേഹിതന്മാരോടും ഞാൻ പലപ്പോഴും പറഞ്ഞിട്ടുള്ളതാണ്. സഹൃദയശിരോമണിയും ജാത്യാഭിമാനിയുമായ യൌസേഫ് ശെമ്മാച്ചൻ അവർകളുടേയും മററു പല ക്രിസ്ത്യൻ സുഹൃത്തുകളുടേയും നിർബ്ബന്ധപൂർവ്വമായ അപേക്ഷ ഒന്നുകൊണ്ടുമാത്രമാണ് ശ്രീമാൻ നാരായണമേനവൻ അവർകളിൽനിന്ന് ഈ വിശിഷ്ടകൃതി നസ്രാണിസമുദായത്തിനു ലഭിപ്പാൻ ഭാഗ്യമുണ്ടായത്. മഹാനമനസ്കനും ഭക്തകവിയുമായ മേനവൻ അവർകൾ ഭാഷാസാഹിത്യോൽക്കർഷത്തോടൊപ്പംതന്നെ ക്രിസ്തുമതസാഹിത്യാഭ്യുദയത്തെയും ഉദ്ദേശിച്ച് ഈ ഉൽകൃഷ്ടകൃതിയെ നസ്രാണിസമുദായത്തിനു ദാനംചെയ്യാൻ സന്നദ്ധനായതിൽ, കൃതജ്ഞതാധനന്മാരായ നസ്രാണികൾ മേനവൻ അവർകളോട് എല്ലാക്കാലത്തും കൃതജ്ഞന്മാരായിരിക്കമെന്നുള്ളതിനു യാതൊരു സംശയവുമില്ല.

ബൈബിളിലെ ഇതിവൃത്തങ്ങളെ വിഷയീക

Digitized By Kerala Sahitya Akademi

രിച്ചു ചില നസ്രാണിയുവകവികൾ ഈയിടക്കു ചില കവിതകൾ രചിച്ചിട്ടുണ്ടെങ്കിലും അതുകളിൽ സാഹിത്യരസം കണികാൺമാൻകൂടിയില്ലാത്തതിനാൽ അവയെ ആരുംതന്നെ കൊണ്ടാടാറില്ല. എന്നാൽ പ്രസ്തുതകൃതിയാകട്ടെ, ക്രിസ്തുമതതത്വങ്ങൾക്കും തദനുരൂപങ്ങളായ ആശയങ്ങൾക്കും, മൂലകൃതിയിലെ വിവക്ഷിതാൎത്ഥത്തിനും ലേശവും ഹാനി സംഭവിക്കാതെ, നിൎമ്മിക്കപ്പെട്ടിരിക്കുന്ന ഒന്നായതിനാൽ പദ്യസാഹിത്യവിഷയത്തിൽ ശ്രമിക്കുന്ന നസ്രാണിയുവകവികൾക്ക് ഒരു മാൎഗ്ഗോപദേഷ്ടാവായി പരിണമിച്ചിട്ടുണ്ട്.

ആകപ്പാടെ നോക്കുന്നതായാൽ മിസ്റ്റർ നാരായണമേനവൻ ഒരു പുതിയതരം മിഷണറിവേലയത്രേ ക്രിസ്ത്യൻസമുദായത്തിനു ചൂണ്ടിക്കാണിച്ചുകൊടുത്തിരിക്കുന്നത്. ഈ മാൎഗ്ഗത്തെ ക്രിസ്ത്യൻസമുദായം അവജ്ഞയോടുകൂടി നോക്കിക്കാണുന്ന കാലത്തോളം ഉൽക്കൎഷോന്മുഖമായ ഹിന്ദുസാഹിത്യമണ്ഡലത്തിൽ സ്വച്ഛന്ദം സഞ്ചരിപ്പാൻ ക്രിസ്തുമതത്തിനു യാതൊരു പ്രകാരത്തിലും സാധിക്കുന്നതല്ലെന്നുള്ളത് നിശ്ചയമാണ്.

കാരണമാനുഷനായ യേശുക്രിസ്തുവിന്റെ ദയാശീതളമായ പരിശുദ്ധഹൃദയത്തെ അതിഭംഗിയായി പ്രകാശിപ്പിച്ചിരിക്കുന്ന പ്രസ്തുതഖണ്ഡകൃതിയെ കേരളീയകൃസ്ത്യൻസമുദായം സ്വാഗതപൂൎവം

Digitized By Kerala Sahitya Akademi

സ്വീകരിക്കുമെന്നും, ഒരു സ്വന്തം പുത്രനാൽ വിരചിതമായ ഒരു ശ്രേഷ്ഠപദ്യസാഹിത്യകൃതി കണ്ടു കണ്ണുനീർ തുടപ്പാൻ ഭാഗ്യമില്ലാത്ത നസ്രാണിവർഗ്ഗമാതാവിന്റെ കദനഭരത്തെ ശമിപ്പിപ്പാൻ തക്കവണ്ണം ഈ കൃതി ക്രിസ്ത്യൻസമുദായത്തിൽ ഒരുണർച്ചയെ ഉണ്ടാക്കുമെന്നും എനിക്കു ദൃഢവിശ്വാസമുണ്ട്.

മലയാളിടാഗോർ എന്നു സുപ്രസിദ്ധനായ മിസ്റ്റർ മേനവൻറെ ഈ മധുരഗംഭീരമായ പദ്യകൃതിക്കു ഞാൻ എഴുതിച്ചേർത്തിട്ടുള്ള ടിപ്പണി ഒട്ടും പര്യാപ്തമല്ലെന്ന് എനിക്കറിയാം. എന്നാൽ യാതൊരർത്ഥവിവരണവും കൂടാതെ പുറത്താക്കിയാൽ, ഇതിന്റെ വൈശിഷ്ട്യം എന്റെ സഹോദരജനങ്ങളിൽ മിക്കവേക്കും തീരെ അജ്ഞാതമായിത്തന്നെ ഇരിക്കുമെന്ന ഭയമാണ് എന്നെ ഇതിൽ പ്രേരിപ്പിച്ചത്. എന്റെ കുറിപ്പു വായനക്കാരിൽ ചിലക്കെങ്കിലും ഉപകരിച്ചാൽ ഞാൻ കൃതാർത്ഥനായി.

ഭക്തിസംവർദ്ധകവും സദാചാരപ്രദർശകവുമായ ഈ നാട്യകാവ്യം എന്റെ സഹോദരർ നിത്യപാരായണം ചെയ്തു വിശുദ്ധിയെ സമ്പാദിക്കുമാറാകട്ടെ എന്നു ഞാൻ ഹൃദയപൂർവ്വം ആശംസിക്കുന്നു.

മാവേലിക്കര, } ചിത്രമെഴുത്ത്
ൻന്നമിഥുനം, ൫. } കെ. എം. വർഗ്ഗീസ്സ്.

Digitized By Kerala Sahitya Akademi

ലൂക്കോസ്

(൭-ാം അദ്ധ്യായം, ൩൬-ാം വരെ വാക്യങ്ങൾ)

'പരീശന്മാരിൽ ഒരുത്തൻ തന്നോടുകൂടെ ഭക്ഷണം കഴിപ്പാൻ അവനെ ക്ഷണിച്ചു; അവൻ പരീശന്റെ വീട്ടിൽ ചെന്നു ഭക്ഷണത്തിന്നിരുന്നു. ആ പട്ടണത്തിൽ പാപിയായ ഒരു സ്ത്രീ, അവൻ പരീശന്റെ വീട്ടിൽ ഭക്ഷണത്തിന്നിരിക്കുന്നു എന്നറിഞ്ഞു ഒരു വെങ്കൽഭരണി പരിമളതൈലം കൊണ്ടുവന്നു പുറകിൽ അവന്റെ കാല്ക്കൽ കരഞ്ഞുകൊണ്ടു നിന്നു കണ്ണുനീർകൊണ്ടു അവന്റെ കാൽ നനെച്ചു തുടങ്ങി; തലമുടികൊണ്ടു തുടെച്ചു കാൽ ചുംബിച്ചു തൈലം പൂശി. അവനെ ക്ഷണിച്ച പരീശൻ അതു കണ്ടിട്ടു, ഇവൻ പ്രവാചകൻ ആയിരുന്നു എങ്കിൽ, തന്നെ തൊടുന്ന സ്ത്രീ ആരെന്നും എങ്ങനെയുള്ളവൾ എന്നും അറിയുമായിരുന്നു: അവൾ പാപിയല്ലോ എന്നു ഉള്ളിൽ പറഞ്ഞു. ശിമോനേ, നിന്നോടു ഒന്നു പറവാനുണ്ടു എന്നു യേശു പറഞ്ഞതിന്നു: ഗുരോ, പറഞ്ഞാലും എന്നു അവൻ പറഞ്ഞു. കടംകൊടുക്കുന്ന ഒരുത്തന്നു രണ്ടു കടക്കാർ ഉണ്ടായിരുന്നു, ഒരുത്തൻ അഞ്ഞൂറു വെള്ളിക്കാശും മററവൻ അമ്പതു വെള്ളിക്കാശും കൊടുപ്പാനുണ്ടായിരുന്നു. വീട്ടുവാൻ വക ഇല്ലായ്കയാൽ അവൻ ഇരുവൎക്കും ഇളെച്ചുകൊടുത്തു. എന്നാൽ അവരിൽ ആർ അവനെ അധികം സ്നേഹിക്കും? അധികം ഇളെച്ചുകിട്ടിയവൻ എന്നു

Digitized By Kerala Sahitya Akademi

ഊഹിക്കുന്നു എന്നു ശീമോൻ പറഞ്ഞു. താവൻ അവനോടു: നീ വിധിച്ചതു ശരി എന്നു പറഞ്ഞു. സ്ത്രീയുടെ നേരെ തിരിഞ്ഞു ശീമോനോടു പറഞ്ഞതു: ഈ സ്ത്രീയെ കാണുന്നുവോ? ഞാൻ നിന്റെ വീട്ടിൽവന്നു, നീ എന്റെ കാലിന്നു വെള്ളം തന്നില്ല; ഇവളോ കണ്ണുനീർകൊണ്ടു എന്റെ കാൽ നനെച്ചു തലമുടികൊണ്ടു തുടെച്ചു. നീ എനിക്കു ചുംബനം തന്നില്ല; ഇവളോ ഞാൻ അകത്തു വന്നതുമുതൽ ഇടവിടാതെ എന്റെ കാൽ ചുംബിച്ചു. നീ എന്റെ തലയിൽ തൈലം പൂശിയില്ല; ഇവളോ, പരിമളതൈലംകൊണ്ടു എന്റെ കാൽ പൂശി ആകയാൽ ഇവളുടെ അനേകമായ പാപങ്ങൾ മോചിച്ചിരിക്കുന്നു എന്നു ഞാൻ നിന്നോടു പറയുന്നു. അവൾ വളരെ സ്നേഹിച്ചുവല്ലോ, അല്പം മോചിച്ചു കിട്ടിയവൻ അല്പം സ്നേഹിക്കുന്നു. പിന്നെ അവൻ അവളോടു നിന്റെ പാപങ്ങൾ മോചിച്ചുതന്നിരിക്കുന്നു എന്നു പറഞ്ഞു. അവനോടുകൂടെ പന്തിയിൽ ഇരുന്നവർ: പാപമോചനവും കൊടുക്കുന്ന ഇവൻ ആർ എന്നു തമ്മിൽ പറഞ്ഞുതുടങ്ങി. അവൻ സ്ത്രീയോടു നിന്റെ വിശ്വാസം നിന്നെ രക്ഷിച്ചിരിക്കുന്നു; സമാധാനത്തോടെ പോക എന്നു പറഞ്ഞു.

ഇതാണ് ഈ ഖണ്ഡകൃതിയിലെ പ്രമേയം.

Digitized By Kerala Sahitya Akademi

മഗ്ദലനമറിയം

അഥവാ

പശ്ചാത്താപം പ്രായശ്ചിത്തം.

(മാകന്ദമഞ്ജരി)

I

൧. വാർതിങ്കൾത്താലമെടുത്ത വസന്തരാ-
വേന്തി വെൺചാറൊന്നു പൂശിക്കയാൽ
ശ്രീല'ഗലീല'ജില്ലയ്ക്കൊരു മുത്തു-
മാലയായ് മിന്നീ 'നെയിൻ'പട്ടണം.

---

൧. വാർതിങ്കൾത്താലം= ചന്ദ്രബിംബമാകുന്ന താംബാളം. വസന്തരാവ്= വസന്തകാലത്തിലെ രാത്രി. ശ്രീല= സമ്പൽസമൃദ്ധമായ. ഗലീലജില്ല— പലസ്തീൻരാജ്യത്തെ ഗലീലപ്രദേശം. നെയിൻപട്ടണം= ഗലീലപ്രദേശത്തിന്റെ തെക്കുഭാഗത്തുള്ള ഒരു ചെറിയ പട്ടണം. വസന്തകാലത്തിലെ നിലാവുള്ള ഒരു രാത്രിയിൽ മനോഹരമായി വിളങ്ങുന്ന നെയിൻപട്ടണത്തിൽ കഥ നടക്കുന്നതായി വിവക്ഷ. (ഇതിലെ ഇതിവൃത്തം ബൈബിൾ ലൂക്കോസ് ൭-ാം അദ്ധ്യായം ൧൧-മുതൽ ൧൭-വരെയുള്ള വാക്യങ്ങളിൽ പ്രസ്താവിച്ചിട്ടുള്ളതാണ്.)

Digitized By Kerala Sahitya Akademi

൭. ശീമോൻെറ പൂമടത്തിലെ നേത്രാഭി-
രാമവിശാലമാം ശാലയിങ്കൽ,
എണ്ണമറ്റുള്ള സുഗന്ധം പരത്തുന്നൊ-
രെണ്ണ പകൎന്നു കൊളുത്തിവെച്ചോ-
ത്തുവെള്ളിച്ചങ്ങലത്തുമ്പത്തതാതിടം
തൂക്കിയ ദീപത്തിൻ ദീപ്തിപൂരം
ദൂരിതമാക്കമാറങ്ങണഞ്ഞിതൊരു
പൂരുഷരൂപമാം തേജഃപുഞ്ജം.

൮. അല്ല ഗൃഹസ്ഥ, നീ ധന്യനായ്: ലോകത്തി-
ലില്ലിതിൻമീതേ വിരുന്നുകാരൻ
അല്ലാ, പ്രമാദം! ഭവാൻെറ കാൽമുട്ടുകൾ
തെല്ലും മടങ്ങാതെ നില്പതെന്തേ?

---

൭. നേത്രാഭിരാമം = കണ്ണുകൾക്കു ഇമ്പംകൊടുക്കുന്നത്. ദൂരിതം = അകന്നത്. കുബേരനായ ശീമോൻെറ മണിമാളികയിൽ ആ യഹൂദപ്രഭുവിൻെറ ധനശക്തി വെളിപ്പെടുമാറു വെള്ളിച്ചങ്ങലകളിൽ തൂങ്ങുന്ന മണിവിളക്കുകളുടെ ദീപ്തിപൂരത്തെ (പ്രകാശധോരണിയെ) ജയിക്കുന്നതായ പൂരുഷരൂപമാം തേജഃപുഞ്ജം, (= പുരുഷാകാരമായ പ്രകാശഗോളം) ഒരു വിശിഷ്ടപുരുഷൻ, അവിടെ എത്തിയെന്നു സാരം.

൮. ധന്യൻ = പുണ്യവാൻ. പ്രമാദം = അബദ്ധം. ലോകവന്ദ്യനായ അതിഥിയുടെ മുമ്പിൽ യഹൂദസമുദായത്തിലെ ആചാരമനുസരിച്ചു മുട്ടുകുത്തി ആദരിപ്പാൻ കഴിയാതെപോയ ശീമോൻെറ ദുരഭിമാനത്തെയാണ് കവി ഇവിടെ സൂചിപ്പിക്കുന്നത്.

Digitized By Kerala Sahitya Akademi

൮ സർവ്വസമ്പത്തും ജഗത്തിൽ വർദ്ധിപ്പിക്കും
ദിവ്യമാം ത്വൽക്കരം ചുംബിപ്പാനയ്യോ,
ഏഴെട്ടു കാശിന്റെയുന്മദങ്ങളല്ലേ,
പാഴറ്റ നിൻതല താഴില്ലെന്നോ!

൯. നൽപ്പനിനീരാൽ കഴുകിക്കു വേണ്ടാ
ത്വൽപ്പദത്തിന്നു വെറുംതണ്ണീരും
ലഭ്യമായീല തൽഗേഹത്തില;-ല്ലെങ്കി-
-ലപ്പദംതാനൊരു പുണ്യതീർത്ഥം.

---

൮. ജഗത് = ലോകം. ഉന്മദം = അഹങ്കാരം. പാഴറ = കഥയില്ലാത്ത. ഗുരുക്കന്മാരുടെ കൈ മുത്തുന്ന യഹൂദജാത്യാചാരം അനുസരിച്ച് അതിഥിയുടെ കൈ മുത്തുവാൻ ശീമോന്റെ അഹങ്കാരങ്ങൾ സമ്മതിച്ചില്ലെന്നു ഭാവം. ഇവിടെ അതിഥിയുടെ കൈ ഭൂലോകത്തെ സമ്പൽസമൃദ്ധമാക്കാൻ ശക്തിയുള്ളത്; ശീമോന്റെ കഥയില്ലാത്ത അഹങ്കാരങ്ങളല്ലോ, ഏഴെട്ടുകാശിന്റേതുമാത്രം! (അതിഥിയുടെ ശക്തി വിചാരിച്ചാൽ ശീമോന്റെ ധനശക്തി എത്രയോ നിസ്സാരം) ഈ വാസ്തവം മനസ്സിലാക്കാൻ കഴിയാതിരുന്ന ശീമോന്റെ അഹങ്കാരങ്ങളിന്റെ തല താഴ്കയില്ലെന്നോ എന്നു കവി ആശ്ചര്യപ്പെടുന്നു. ഐഹികമായ ധനസമ്പത്തിയുടെ നിസ്സാരത ഇവിടെ സ്പഷ്ടമായിരിക്കുന്നു.

൯. തണ്ണീർ = വെള്ളം. തൽഗേഹം = ശീമോന്റെ ഭവനം. പുണ്യതീർത്ഥം = പുണ്യജലം. അതിഥികളെ ഗൃഹദ്വാരത്തിൽവെച്ചു കാൽ കഴുകിച്ച് അകത്തേക്കു പ്രവേശിപ്പിക്ക എന്നതു യഹൂദന്മാരുടെ ആചാരമാണ്. ഈ ആതിഥ്യമര്യാദയെ ശീ

Digitized By Kerala Sahitya Akademi

൯. തെയ്യാറായൂണെന്നൊരുക്തിയാൽ സ്വാഗതം
ചെയ്യാനേ ശീമോൻ മുതിന്നുള്ളൂ!!

൰. ആ യഹൂദപ്രഭുതന്നാൽ നിമന്ത്രിത-
നായെഴുന്നെള്ളിയ യേശുദേവൻ,
പാപ്പാസ്സാം പല്ലവത്തൊത്തോടു വേർപെട്ടു
പാടേ തെളിഞ്ഞു തൃക്കാൽപ്പൊൻപൂവാൽ
മന്ദം നടന്നു നൃപോചിതാഡംബര-
സുന്ദരമായ തളത്തിലെത്തി,
ചിത്രവർണ്ണോജ്ജ്വലപ്പട്ടുവിരിപ്പിൽത്തൻ-
മിത്രങ്ങളൊത്തമീത്തിന്നിരുന്നാൻ:
ചമ്പകകങ്കേളികന്ദാദിപുഷ്പങ്ങ-
ളെമ്പാടും ചിന്നിയ വന്യഭൂവിൽ,
അമ്പാടിതന്നിലെച്ചങ്ങാതിമാരൊന്നി-
ച്ചൻപാളും ഗോവിന്ദനെന്നപോലെ.

മോൻ വിസ്മരിച്ചെങ്കിലും, ആ അതിഥിയുടെ കാലുതന്നെ ഒരു പുണ്യതീർത്ഥമാണെന്നു കവി സമാധാനിക്കുന്നു. ശുദ്ധിക്കാണല്ലോ കാൽ കഴുകിക്കുന്നത്; ആ കാൽതന്നെ സർവ്വശുദ്ധികരമാണ്.

൯. ഉക്തി = മൊഴി. ജാത്യാചാരം അനുസരിച്ചു യാതൊരു സ്വീകരണമര്യാദയും പ്രദർശിപ്പിക്കാതെ ഊൺ തെയ്യാറായെന്നു മാത്രം പറവാൻ മുതിന്ന ശീമോന്റെ ഔദ്ധത്യത്തെ കവി ഇവിടെ സുസ്പഷ്ടമാക്കിയിരിക്കുന്നു.

൰. നിമന്ത്രിതൻ = ക്ഷണിക്കപ്പെട്ടവൻ. പാപ്പാസ്സാം... പൂവ് = ചെരിപ്പുകളാകുന്ന ഇളംതളിരുകളിൽനിന്നു വേർപെ-

Digitized By Kerala Sahitya Akademi

വൃ. കാൽകൾ പിമ്പോട്ടു മടക്കിത്തൃപ്പൊൻചുമൽ
താഴ്ക്കെയിടംകൈ വിരിപ്പിലൂന്നി,
തെല്ലിടത്തോട്ടു ചാഞ്ഞുണ്മാനിരിപ്പായി
സല്ലീലനീശ്വരൻ നിത്യതൃപ്തൻ.

ട്ടു(ചെരിപ്പിടാതെ)നിൽക്കുന്ന പൊൻനിറമുള്ള കാലുകളാകുന്ന പൂക്കൾ. യഹൂദന്മാർ ഗൃഹത്തിൽ പ്രവേശിച്ചാലുടൻ ചെരിപ്പുകൾ ഊരി (വാതില്ക്കൽ സൂക്ഷിയ്ക്കുയാണ് പതിവ്). സ്ഥപാ...... ദരം= രാജയോഗ്യമായ ആഡംബരത്താൽ മനോഹരമായത്. ചിത്ര......പ്പിൽ=വിചിത്രവസ്ത്രങ്ങളാൽ പ്രകാശിയ്ക്കുന്ന തൽകംബളത്തിൽ. അഷീത്ത്= ഭക്ഷണം. ചമ്പ......വിൽ= ചമ്പകം, അശോകം, മുല്ല മുതലായവയുടെ പുഷ്പങ്ങൾ എല്ലാടവും ചിന്നിക്കിടക്കുന്ന വൃന്ദാവനത്തിൽ. അമ്പാടി—കൃഷ്ണന്റെ ബാല്യവാസസ്ഥലം. ഗോവിന്ദൻ, (ശ്രീകൃഷ്ണൻ) വൃന്ദാവനത്തിൽവെച്ചു ഗോപാലബാലന്മാരുമായി വനഭോജനം ചെയ്യുമുണ്ടായിട്ടുണ്ട്.

വൃ. തൃപ്പൊൻ......ഊന്നി= ഭോജ്യസാധനങ്ങൾക്ക് അഭിമുഖമായി വിരിപ്പിലോ പീഠത്തിലോ ഇരുന്നു കാലുകൾ പിൻവശത്തെയ്ക്കു മടക്കി നീട്ടി വെച്ചാണു യഹൂദർ ഭക്ഷണം കഴിയ്ക്കുക. പാരസികന്മാരിൽ നിന്നത്രേ യഹൂദന്മാർ ഈ ആചാരത്തെ സ്വീകരിച്ചത്. സല്ലീല......തൃപ്തൻ= ലീലയോടുകൂടിയവനും എല്ലാക്കാലത്തും തൃപ്തനുമായ ദൈവം, മനുഷ്യധർമ്മം അനുസരിച്ച് ഉണ്മാനിരിപ്പായത് അവിടുത്തെ ഒരു അവതാരലീലയാണെന്നും, സൃഷ്ടവസ്തുക്കളെക്കൊണ്ടു തൃപ്തിപ്പെടുവാൻ ആവശ്യമില്ലാത്തവണ്ണം അവിടുന്നു നിത്യതൃപ്തനാണെന്നും സാരം.

Digitized By Kerala Sahitya Akademi

൯. വീട്ടുടമസ്ഥന്റെ സമ്പത്സമൃദ്ധിയെ-
ക്കാട്ടും വിലപ്പെട്ട പാത്രങ്ങളിൽ
സ്വാദുകളേകിയ ഭോജ്യങ്ങളോരോന്നായ്-
സ്സാധുക്കൾ പാചകന്മാർ വിളമ്പി,
പച്ചവെള്ളത്തിനെ മുന്തിരിച്ചാറാക്കി
വെച്ചു ഭഗവാനു ഭക്ഷിപ്പാനായ്.

൧൦. യാതൊരു പർവ്വതത്തിങ്കലോ, ഭക്ഷണം
യാതൊന്നുമില്ലാതെ നാല്പതു നാൾ,
ധ്യാനംകൊണ്ടാത്മാവെയാത്മാവിൽക്കണ്ടു-
ണ്ടാനന്ദലീനനായ് കന്യാപുത്രൻ (കൊ-
വൻതപം ചെയ്തു: ഹിമാലയസാനുവി-
ലന്തകസൂദനസ്വാമിപോലേ;

---

൯. ഭോജ്യങ്ങൾ = ഭക്ഷണസാധനങ്ങൾ. ഗലീലയിലെ കാനാ എന്ന ഗ്രാമത്തിൽവെച്ച് ചിലരുടെ അപേക്ഷപ്രകാരം ക്രിസ്തു വെള്ളം വീഞ്ഞാക്കിയത് ഇവിടെ സൂചിപ്പിച്ചിട്ടുണ്ട്. സർവ്വത്തേയും അതിമനോഹരമായി സൃഷ്ടിപ്പാൻ ശക്തനായ ജഗദീശ്വരനെ ഭക്ഷണംകഴിപ്പിപ്പാൻ പാചകന്മാർ ബുദ്ധിമുട്ടുന്നതിൽ കവി അത്ഭുതപ്പെടുന്നു.

൧൦. ആനന്ദലീനൻ = ആനന്ദത്തിൽ ലയിച്ചവൻ. കന്യാപുത്രൻ = കന്യകയുടെ പുത്രൻ. (ക്രിസ്തുവിന്റെ മനുഷ്യാവതാരം പിതൃസംബന്ധം കൂടാതെയാണെന്നു വേദാഗമം) ഹിമാല..നുവിൽ = ഹിമാലയപർവ്വതത്തിന്റെ താഴ്വരയിൽ. അന്തകസൂദനസ്വാമി = പരമശിവൻ. താബോർമല = നെയിൻപട്ടണത്തിനു വടക്കു കിടക്കുന്ന ഒരു ചെറിയ പർവ്വതമാണിത്. ഇതിൻ

Digitized By Kerala Sahitya Akademi

൧൦. അർത്താബോർമാമല, ശിഷ്യരോടൊത്തിരു-
ന്നത്താഴമുണ്ണുന്ന ക്രിസ്തുവിനെ
തേൻകുളിർവല്ലീനികുഞ്ജത്തിൽനിന്നോലും
പൂങ്കുയിൽക്കുളകലാൽ വാഴ്ത്തിപ്പാടി.

൧൧. താളംപിടിച്ചു തല കുലുക്കിക്കൊണ്ടു
താഴ്‌വര ചൂഴും തരുക്കളെല്ലാം,
ചിന്നും നിലാവിനാൽ വെള്ളിയലുക്കിട്ടു
തെന്നലുലയ്ക്കുന്ന പത്രങ്ങളാൽ.

൧൨. പൂവണിച്ചെപ്പുകൾതോറുമേ വാസന്ത-
ദേവത സൂക്ഷിച്ച തൂമരന്ദം
താൻതാൻ കുളിർക്കെത്തളിച്ചാരദൃശ്യമാം
താലവൃന്തത്തെക്കരത്തിലേന്തി,

...കുഞ്ജം = പൂന്തേൻ ഇററിററുവീഴുന്ന വള്ളിക്കുടിൽ. (യേശുക്രിസ്തു താബോർമലയിൽ പലപ്പോഴും ധ്യാനത്തിനായി പോയിക്കൊണ്ടിരുന്നു.) യേശുക്രിസ്തുവിനെ വാഴ്ത്തുന്ന ഗീതങ്ങളാണോ എന്നു തോന്നുമാറു പ്രസ്തുതപ്രദേശത്തിൽനിന്നു കുയിൽനാദം പുറപ്പെട്ടുകൊണ്ടിരുന്നു.

൧൧. താഴ്‌വര,.....ക്കൾ = താഴ്‌വരയെ ചുററിനിൽക്കുന്ന വൃക്ഷങ്ങൾ. തെന്നൽ = ഇളംകാററ്. പത്രങ്ങൾ (ഇലകൾ) ഇളകുന്നതു കണ്ടാൽ കുയിൽപ്പാട്ടിനൊത്തു താളംപിടിക്കുകയാണെന്നു തോന്നും.

൧൨. പൂവണിച്ചെപ്പുകൾ=പൂവിതളുകളാകുന്ന ചെപ്പുകൾ. വാസന്തദേവത=വസന്തകാലമാകുന്ന ദേവത. തൂമരന്ദം=പൂന്തേൻ. താൻതാൻ=താൻതന്നെ. താലവൃന്തം=വിശറി. പ്രാശന-

Digitized By Kerala Sahitya Akademi

യേശുമഹേശനെ പ്രാശനവേളയിൽ
വീശിനാൻ മാരുതൻ മന്ദമന്ദം.

൧൩. തത്രഭവാന്റെ തഴച്ച കാർകുന്തലും
വക്ത്രപ്പൊയ്ത്താരിലെ വണ്ടിൻചാർത്തും
തെല്ലൊന്നലഞ്ഞു വിളങ്ങി: കാളിന്ദിയിൽ
മെല്ലെത്തുളുമ്പുന്നൊരോളം പോലെ.

വേള=ഭക്ഷണസമയം. പത്തു മുതൽ പന്ത്രണ്ടുവരെയുള്ള പദ്യങ്ങൾകൊണ്ടു ഭക്ഷണവേളയിൽ പ്രകൃതികൂടി ക്രിസ്തുവിനെ ശുശ്രൂഷിച്ചാരാധിച്ചതായി വർണ്ണിച്ചിരിക്കുന്നു.

൧൩. തത്രഭവാൻ=യേശുക്രിസ്തു. കാർകുന്തൽ=തലമുടി (ക്രിസ്തു നസ്രായവ്രതം അനുഷ്ഠിച്ചിരുന്നതിനാൽ ശരീരത്തിൽ ക്ഷൗരക്കത്തി സ്പർശിപ്പാൻ അനുവദിച്ചിരുന്നില്ല) വക്ത്ര......ചാർത്തും=മുഖമാകുന്ന താമരപ്പൂവിൽ ചേർന്ന വരിവണ്ടുകൾ. മീശ എന്നു സാരം. കാളിന്ദി=കാളിന്ദീനദി=ഇതിന്റെ നിറം കറുപ്പാണ്.

Digitized By Kerala Sahitya Akademi

II

൫൪. താഴത്തെയ്ക്കെന്തിത്ര സൂക്ഷിച്ചുനോക്കുന്നു
താരകളേ, നിങ്ങൾ നിശ്ചലമായ്!
നിങ്ങൾതൻ കൂട്ടത്തിൽനിന്നിപ്പൊഴാരാനും
ഭംഗമാന്നൂഴിയിൽ വീണുപോയോ?

൫൫. ഉർവ്വിതാ, താ, നക്ഷത്രംതന്നെയാം രൂപമൊ-
ന്നുർവ്വിയിലിപ്പുരവീഥിയിങ്കൽ!
അല്ലെങ്കിൽ, മററൊരു കൊച്ചുനിലാവിതാ,
മുല്ലപ്പൂപോലുള്ള തൂനിലാവിൽ!!

൫൬. ആരോ മനോഹരസർവ്വാംഗിയാമിവ-,
ളാരോമലാൾക്കിത്ര വെമ്പലെന്തോ?
നീളെയുത്തുംഗമാം മാത്തട്ടലയുന്ന
ഡോളണിഞ്ഞുവെള്ളച്ചേച്ചലയ്ക്കുള്ളിൽ.

---

൫൪. താരകൾ=നക്ഷത്രങ്ങൾ. നിശ്ചലം=ഇളക്കമില്ലാതെ. ഭംഗമാന്ന്=സ്ഥാനം തെററി.

൫൫. ഉർവ്വീ + ഇതാ=ഉർവ്വിതാ=ശരി. ഉർവ്വി=ഭൂമി. വീഥി=തെരുവ്. ശരിതന്നെ; നക്ഷത്രതുല്യമായ ഒരു മനോഹരരൂപം ഇതാ ഈ പുരവീഥിയിൽ! അല്ലെങ്കിൽ........ലാവിൽ—ആ രൂപം നക്ഷത്രംപോലെയൊ നിലാവുപോലെയൊ ശോഭിയ്ക്കുന്നു എന്നു സാരം.

൫൬. മനോഹരസർവ്വാംഗിയാൾ=എല്ലാ അംഗങ്ങളും മനോഹരമായിട്ടുള്ളവൾ. ആരോമലാൾ=സുന്ദരി. വെമ്പൽ=തിക്കം. ഉത്തുംഗം=ഉയന്നത്.

Digitized By Kerala Sahitya Akademi

൧൭. കെട്ടഴിഞ്ഞോമനപ്പൃഷ്ഠഭാഗത്തെയും
പൃഷ്ഠനിതംബപ്പരപ്പിനേയും
മൂടിക്കിടക്കുന്ന മുഗ്ദ്ധമാം കാർകുഴൽ
നീട്ടററ നീലത്തഴക്കു തുല്യം;
ഇക്കുരുളുൾച്ചുരുൾ തൊട്ടുഴിയുന്നിതോ
തൃക്കരംകൊണ്ടിതൾപോലെ ചന്ദ്രൻ!

൧൮. ഭവ്യപരിമളമൊന്നിതാ, പൂത്തൊരു
ദിവ്യലതയിൽനിന്നെന്നപോലേ
സുന്ദരിതങ്കൽനിന്നേററിടചേരുന്നു
ചന്ദനശീതളചന്ദ്രികയിൽ.

൧൯. സ്ഫാടികപാത്രമൊന്നുണ്ടു വിളങ്ങുന്നു
പാടലമായ തൽപാണിയിങ്കൽ:

---

൧൭. പൃഷ്ഠഭാഗം=പുറം. നിതംബം=പിൻഭാഗം. അരക്കെട്ടിന്റെ കീഴ്ഭാഗം. മുഗ്ദ്ധം=മനോഹരം. കാർകുഴൽ=തലമുടി. ഇക്കുരുളുൾ—ഈ തലമുടിച്ചുരുൾ. ഉഴിയുക=തലോടുക. തൃക്കരം (ശ്രീമത്തായ രശ്മി, തൃക്കൈ) തലമുടി ചന്ദ്രരശ്മി തട്ടിമിന്നുന്നു എന്നു സാരം.

൧൮. ഭവ്യപരിമളം=നല്ല വാസന. ദിവ്യലത=സ്വർഗ്ഗത്തിലെ വള്ളി. ചന്ദന........യിൽ=ചന്ദനത്തെപ്പോലെ തണുപ്പുള്ള നിലാവ്. നായികയുടെ ശരീരത്തിൽനിന്നു പ്രവഹിക്കുന്ന സുഗന്ധം, ചന്ദനത്തിന്റെ തണുപ്പുമാത്രമുള്ള ചന്ദ്രികയെ സൌരഭ്യപ്പെടുത്തുകകൂടിച്ചെയ്തു.

൧൯. സ്ഫാടികപാത്രം=കണ്ണാടിപ്പാത്രം. പാടലം=ചുക

Digitized By Kerala Sahitya Akademi

ഏറിയ ഭംഗ്യാ വിരിഞ്ഞ ചെന്താമര-
ത്താരിലൊരോമന്മരാളംപോലെ.

൧൦. ഏകയാണേണാക്ഷി കാമുകസന്നിധി
പൂകുവാൻ പോവുകയായിരിക്കാം;
തൻപള്ളിവാളേന്തി പ്രച്ഛന്നമൂർത്തിയായ്
മുമ്പിൽ നടക്കുന്നുണ്ടാം പ്രേമം!

ഉല്ലസിയ്ക്കട്ടേ യഥേഷ്ടമായ് മന്മഥൻ!
അല്ല,ഭിസാരികയല്ലിത്തന്വി:
ശങ്കയോ ഭീതിയോ തീണ്ടിയിട്ടില്ലല്ലോ,
തങ്കപ്പൂപോലുള്ള തന്മുഖത്തെ.
അല്ലായ്കിലീയഭിസാരികയ്ക്കാവക
വല്ലായ്മകൾക്കില്ല ബന്ധമൊന്നും:
ഏവരുമാരെയഭിസരിയ്ക്കേണ്ണ,മാ-
ദ്ദേവനെത്തേടിഗ്ഗമിപ്പോളിവൾ.

---

൯. തൽപാണി=അവളുടെ കൈ. ചെന്താമരത്താർ=ചെന്താമരപ്പൂവ്. ഓമന്മരാളം=മനോഹരമായ അരയന്നം.

൧൦. ഏണാക്ഷി=സുന്ദരി. കാമുകസന്നിധി=കാമുകന്റെ സമീപം. പള്ളിവാൾ.—അധികാരശക്തിയെന്നു പ്രകൃതാർത്ഥം. പ്രച്ഛന്നമൂർത്തി=അദൃശ്യമൂർത്തി. മന്മഥൻ=കാമദേവൻ. അഭിസാരിക=കാമുകന്റെ അരികത്തേയ്ക്കു പോകുന്നവൾ. തന്വി=യുവതി.

രാത്രിയിൽ ഏകാകിനിയായ നായികയുടെ യാത്ര കണ്ടാൽ അവൾ ജാരനെ അന്വേഷിച്ചു പോകുന്ന ഒരുവളാണെന്നു തോന്നാം. വഴിയിൽ സാഹായ്യത്തിന് അദൃശ്യ

Digitized By Kerala Sahitya Akademi

൨൭ കാമിനീമൌലേ, സമാശ്വസിച്ചാലും നീ,
കാമിതമെത്തിനിനക്കെ വേറെന്തു?
മിന്നി വിടർന്ന നിൻ മീനൊളിക്കണ്ണിന്നു
മുന്നിലായ് പുണ്യമാം സങ്കേതം തേ!

൨൮. ശിമോന്റെ വീട്ടിൽ തുറന്നുകിടക്കുന്ന
പൂമുഖവാതിലാപ്പുഷ്കരാക്ഷി
ആകെ രോമാഞ്ചിതഗാത്രിയായ് ദർശിച്ചാൾ,
നാകത്തിൻ ഭാസുരദ്വാരം പോലെ.

ത്തിയായ പ്രേമം, അതിന്റെ അധികാരമാകുന്ന പള്ളിവാളോടുകൂടി അവളുടെ മുമ്പിൽ അകമ്പടി സേവിക്കുന്നുമുണ്ടാവാം. അങ്ങിനെയെങ്കിൽ, കാമദേവൻ സന്തോഷിക്കട്ടെ—എന്നു കവി വിജയാശംസ ചെയ്യുന്നു. എന്നാൽ, പരമാർത്ഥത്തിൽ, തന്റെ അശുദ്ധജീവിതത്തിൽനിന്നു പിന്തിരിയുന്നതിനുള്ള സ്വാന്താ അന്തഃകരണത്തിന്റെ പ്രേരണയെ അമർത്തിക്കളയുന്ന സർവ്വവിധപ്രലോഭനശക്തികളേയും ഒന്നാകെ കീഴ്പ്പെടുത്തത്തക്ക അധികാരവീര്യത്തോടുകൂടി പരിശുദ്ധമായ പ്രേമം, അവളെ ജഗദീശ്വരന്റെ ദിവ്യസന്നിധിയിലേയ്ക്കു നയിക്കുന്നതിനാൽ, അവൾ ഇപ്പോൾ ഒരു വെറും അഭിസാരികയല്ല; സർവ്വമനുഷ്യരും ഒന്നുപോലെ ചെന്നണയേണ്ടവനായ ജഗൽസ്രഷ്ടാവിനെ പ്രാപിപ്പാനായി അത്യുൽക്കണ്ഠയോടേ പോവുന്നവളാണിവൾ. അതുകൊണ്ട് ഇവൾക്കാരെയും ശങ്കിക്കുകയും ഭയപ്പെടുകയും വേണ്ട.

൨൭. കാമിനീമൌലി = സുന്ദരിമാരിൽ മികച്ചവൾ. കാമിതം=അഭിലാഷം. സങ്കേതം=താവളം(ക്രിസ്തുവിന്റെ ദിവ്യസന്നിധി) തേ=നിനക്ക്. മീനൊളിക്കണ്ണ് മത്സ്യംപോലെ നീണ്ട കണ്ണ്.

൨൮. പുഷ്കരാക്ഷി = സുന്ദരി രോമാഞ്ചിതഗാത്രി= കോൾമയിർക്കൊണ്ട ശരീരത്തോടുകൂടിയവൾ. നാക...... ദ്വാരം=സ്വർഗ്ഗത്തിന്റെ പ്രകാശമാനമായ വാതിൽ.

Digitized By Kerala Sahitya Akademi

൨൩. വേഗം മുറുകി ഗതിയ്ക്കവൾക്കാസന്നാ-
സാഗരയാം നദിയ്ക്കെന്നപോലെ;
ആകൃഷ്ടായിതോ കാണാവതല്ലാത്തൊ-
രാകമ്രപാശത്താൽ മുമ്പോട്ടവൾ!

൨൪. എന്നാൽ വേർപെട്ടിരുന്നിട്ട കുട്ടിതൻ
ചാരത്തെയ്ക്കെത്തുന്നൊരമ്മപോലെ
പേർത്തുമുൽകണ്ഠിതയായ് ച്ചമഞ്ഞോരോരോ
കാൽത്തളിർ വെയ്പ്പിനാലങ്ങുമാറും
വെൺകല്പടകൾ പിന്നിട്ടുകൊണ്ടാഗ് ഗ്രഹ-
ത്തിങ്കലേയ്ക്കേറിനാൾ തിങ്കൾമുഖി.

൨൫. പിന്നിലേയ്ക്കെന്തിയോ സിന്ധുവിൻ കല്ലോലം
തന്നിലണഞ്ഞൊരു നിമ്നഗയെ!
വാതിൽക്കൽശ്ശങ്കിച്ചുനില്പ്പതെന്താ മുഗ്ദ്ധേ, നീ;
സ്വാതന്ത്ര്യമോടകത്തേയ്ക്കു ചെല്ലാം.

---

൨൩. ഗതി=നടത്തം. ആസന്നസാഗര=കടലിനോട്ടു സമീപിച്ചത്. കടലിനോടടുത്താൽ, നദിയുടെ ഒഴുക്കിന്നു വേഗം മുറുകിച്ചുകയുന്നു. ആകൃഷ്ട=ആകർഷിയ്ക്ക(കെട്ടിവലിയ്ക്ക)പ്പെട്ടവൾ. ആകമ്രപാശം=മനോഹരമായ കയർ.

൨൪. ഉൽകണ്ഠിത=അത്യന്താ ആഗ്രഹമുള്ളവൾ. തിങ്കൾമുഖി=സുന്ദരി. നായികയ്ക്കു ക്രിസ്തുവിനെ കാൺമാനുള്ള അത്യാസക്തി ധ്വനിയ്ക്കുന്നു.

൨൫. സിന്ധു=സമുദ്രം. കല്ലോലം=തിരമാല. നിമ്നഗ=നദി. മുഗ്ദ്ധ=സുന്ദരി. മൃഷ്ടം=കഴുകിത്തുടയ്ക്കപ്പെട്ടത്. നായികഗൃഹദ്വാരത്തിൽ പെട്ടെന്നു നിന്നത്, അത്രപാപിനിയായ തന്റെ

കെട്ട മാർഗ്ഗത്തിൽ നടന്ന നിൻ കാൽച്ചളി
മൃഷ്ടമായല്ലോ നിൻ കണ്ണീരാൽത്താൻ!

ദൈവപുത്രന്റെ സന്നിധിയിൽ ചെല്ലാൻ പാടുണ്ടോ എന്നു തോന്നുകയാലാണ്. ക്രിസ്തുവിന്റെ അനാദരവാതിശയം അവളെ പുറകോട്ടു തള്ളിയോ?

Digitized By Kerala Sahitya Akademi

III

൨൩. ദാരിദ്ര്യശുഷ്കമാം പാഴ്ക്കുടിലി[illegible]-
ണീ രുചിരാംഗി ജനിച്ചതത്രേ:
പാറപ്പുറത്തൊരു ചന്തമേറും പനി-
നീരലരുണ്ടായിതെങ്ങിനെയോ!

൨൪. വാരുററ ളുമണം വ്യാപിക്കുമാറു
താരുണ്യലക്ഷ്മി ചേർന്നുല്ലസിക്കെ,
ആരും തിരിഞ്ഞുനോക്കാതിരുന്നാക്കുടിൽ
പൂരുഷന്മാക്കൊക്കെപ്പൂമേടയായ്!

൨൫. സ്വാർത്ഥൈകതൽപരന്മാരവർ കാമത്തിൻ
പൂത്തിക്കായ്പ്പുഷ്പത്തെച്ചേററിൽ വീഴ്ത്തി—
ത്തേവിടിപ്പെണ്ണാക്കിത്തീർത്താരവരൊരു
പാവമാം കൊച്ചുസഹോദരിയെ!

---

൨൩. ദാരിദ്ര്യ......ടിൽ=ദാരിദ്ര്യത്താൽ വരണ്ട ചെററക്കുടിൽ. രുചിരാംഗി=സുന്ദരി. പനിനീരലർ=പനിനീർപ്പൂവ്. പാറപ്പുറത്ത് ഒരു പനിനീർപ്പൂവ് ഉണ്ടായതുപോലെ, ദാരിദ്ര്യം പിടിച്ച ഒരു ചെററക്കുടിലിൽ ഈ സുന്ദരി ജനിച്ചല്ലോ; എന്നു കവി അത്ഭുതപ്പെടുന്നു.

൨൪. വാരുററ......ണം=മഹത്തായ സൗഗന്ധം. താരുണ്യലക്ഷ്മി=യൌവനം. നായിക യൌവനാവസ്ഥയെ പ്രാപിച്ചതോടുകൂടി ആ ചെററക്കുടിലിലെയ്ക്ക് ഒരു മണിമാളികയിലെയ്ക്കെന്നപോലെ, കാമുകന്മാർ കയറിച്ചെന്നുതുടങ്ങി.

൨൫. സ്വാർത്ഥൈകതൽപരന്മാർ=തൻകാര്യംമാത്രം നോക്കുന്നവർ. സ്വച്ഛം=നിർമ്മലം. ലോകസരസ്സ്=ലോകമാകുന്ന പൊയ്ക. കാമുകന്മാർ തൻകാര്യത്തിനുവേണ്ടി, ആ യുവതി

Digitized By Kerala Sahitya Akademi

സ്വച്ഛമാം ലോകസരസ്സിന്നടിത്തട്ടി-
ലിച്ചേർ നിറപ്പതു മാനുഷൻതാൻ!!

൨൯. സൃഷ്ടികർത്താവിവർക്കായോളമേകിനാൻ
സ്വർഗ്ഗലോകത്തിലെ സൗന്ദര്യത്തെ;
എന്നാലാസ്സൽഗുണംതന്നെയിത്തനാ-ഴിയെ-
ദ്ദുന്നരകാന്തത്തിൽ തള്ളിവിട്ടു!

൩൦. ആദിമകാലങ്ങളിലീ വിടാരാധനം
നീതിയല്ലെന്ന നിഷേധശബ്ദം
ചേതസ്സിൽനിന്നുദിച്ചേശിയിരുന്നു പൊൻ-
കൈതപ്പൂമെയ്യാൾതൻ കർണ്ണത്തിങ്കൽ;
കാലക്രമാലതു കാമുകസ്തോത്രാകതി-
ജാലനിർഘോഷത്തിലാണ്ടുപോയല്ലോയ്!

തങ്ങളുടെ ഒരു കൊച്ചുസഹോദരിയാണെന്നുള്ള വാസ്തവത്തെ നിശ്ശേഷം വിസ്മരിച്ച്, ആ പരിശുദ്ധപുഷ്പത്തെ ചേററിൽ വീഴ്ത്തി (സാധുവായ നായികയെ മാലിന്യപ്പെടുത്തി) എന്നു സാരം. ഈ പരിശുദ്ധലോകത്തെ അശുദ്ധകൃത്യങ്ങളാൽ ദൂഷിപ്പിക്കുന്നതു പുരുഷന്മാർതന്നെയാണ് എന്നു കവി ദുഃഖിക്കുന്നു.

൨൯. സൃഷ്ടികർത്താവ്=സൃഷ്ടിക്കുന്നവൻ. ദുന്നരകാന്തം=കെട്ട നരകമദ്ധ്യം.

൩൦. വിടാരാധനം=വിടസേവ. ചേതസ്സ്=ഹൃദയം. കൈതപ്പൂമെയ്യാൾ=സുന്ദരി. കാമു........ഷം=കാമുകന്മാരുടെ സ്തുതിവാക്യത്തിൻെറ ഘോഷം. ആണ്ടു=താണു. വിടന്മാരുമായി കൂടിയുള്ളകെട്ട പാപകരമാണെന്ന് ആദ്യകാലത്ത് അവളുടെ അന്തഃകരണം അവളോടുപദേശിച്ചുവെങ്കിലും, ഒടുവിൽ കാമുകന്മാരുടെ സ്തുതിവാക്കുകൾ അതിനെ കീഴ്പ്പെടുത്തിക്കളഞ്ഞുവെന്നു ഭാവം.

Digitized By Kerala Sahitya Akademi

൧൪. ദാരിദ്ര്യപീഡയാൽ വാടുമൊരുത്തിതൻ
ചാരിത്രഭൂഷയൊന്നെത്ര വേഗം
വില്ക്കപ്പെടുകയില്ലാവശ്യക്കാരുടെ
വില്ക്കാശു മേൽക്കുമേൽ വന്നു വീഴ്കെ!

൧൫. കാർമുകിൽവേണിതൻ ചുറ്റുമേ കാണായി
കാമുകരർപ്പിച്ച മാമാടകൾ:
തന്മെയ്യാം കാഞ്ചനവല്ലരിമേൽനിന്നു
ചെമ്മേ പൊഴിയുന്ന പൂക്കൾപോലെ.

൧൬. മന്മഥശില്പത്താൽ ദീപ്തമിവളുടെ
കൺമുനയാലുള്ളോരോരോ നോട്ടം,
ആരു നൂറിന്ദ്രനീലാഖ്യരത്നത്തിലു-
മേറെ വിലപ്പെട്ടതായിരുന്നു!

൧൪. ദാരിദ്ര്യപീഡ=ദാരിദ്ര്യദുഃഖം. ചാരിത്രഭൂഷ=സദ്വൃത്തിയാകുന്ന ആഭരണം. വില്ക്കാശ്=ഒരുവക സ്വർണ്ണനാണയം. ദാരിദ്ര്യംമൂലം പൊറുതിക്കു വകയില്ലായ്കയാൽ അവൾ വേശ്യാവൃത്തി സ്വീകരിച്ചുകളഞ്ഞു.

൧൫. കാർമുകിൽവേണി=സുന്ദരി. കാമു...... .....ടകൾ= കാമുകന്മാർ നൽകുന്ന ഒരുതരം പൊൻനാണ്യങ്ങൾ. കാഞ്ചനവല്ലരി=സ്വർണ്ണലത.

൧൬. മന്മഥശില്പം=കാമദേവന്റെ കടച്ചിൽപ്പണി. ദീപ്തം=പ്രകാശമാനമായത്. ഇന്ദ്രനീലാഖ്യരത്നം=ഇന്ദ്രനീലക്കല്ല്. അനവധി രത്നങ്ങൾ കൊടുത്തും അവളുടെ ഒരു കടാക്ഷം ലഭിക്കുന്നതു ലാഭമായിട്ടാണ് കാമുകന്മാർ കരുതിയിരുന്നത്.

Digitized By Kerala Sahitya Akademi

൯൪. ലോകത്തിന്നൊക്കയും പാല്ക്കുഴമ്പായ് ത്തോ-
മേകമാം പുഞ്ചിരിത്തെല്ലിനാൽത്താൻ (ന്നു-
ലോലായതാക്ഷിതൻ പുൽമാടം പെട്ടെന്നു
കൈലാസംപോലുള്ള മാളികയായ്!

൯൫. ഒന്നല്ല പത്തല്ല ചില്ലീലതാഞ്ചല-
മൊന്നനങ്ങുന്നതും കാത്തുനില്പോർ;
കുംഭിസഞ്ചാരിണിയ്ക്കിന്നതിലപ്പുറം
കുംഭിനീനാഥരാം കിംഭദാസർ!

൯൬. കൊററിന്നൊഴക്കരി കാണാതിരുന്നവൾ
കൊററക്കുട ചൂടും റാണിയായി.
ഹന്ത, സൌന്ദര്യമേ,നാരിതൻമെയ് ചേർന്നാ-
ലെന്തെന്തു സൌഭാഗ്യം സാധിക്കാ നീ?

---

൯൪. ലോലായതാക്ഷി = സുന്ദരി. കൈലാസം = വെള്ളിക്കുന്ന്. നിഷ്പ്രയാസമായും എളുപ്പത്തിലും അവൾ അത്ര സമ്പന്നയായിത്തീർന്നു എന്നു താൽപര്യം.

൯൫. ചില്ലീലതാഞ്ചലം = പുരികക്കൊടികളുടെ അററം. കുംഭിസഞ്ചാരിണി = ആനയെപ്പോലെ നടക്കുന്നവൾ (സുന്ദരി). കുംഭിനീനാഥർ = രാജാക്കന്മാർ. കിംഭദാസർ = വിടുവേലക്കാർ.

൯൬. കൊററ് = ഭക്ഷണം. കൊററക്കുട = രാജചിഹ്നമായ നീണ്ട കാലുള്ള വെൺകൊററക്കുട. ദരിദ്രയായ നായിക അവളുടെ സൌന്ദര്യം ഒന്നുകൊണ്ടുമാത്രം ഒരു മഹാധനികയായിത്തീർന്നു!

Digitized By Kerala Sahitya Akademi

IV

൩൧. ഏവമസ്സ്വത്വത്തിൻ സർപ്പോപധാനത്തിൽ-
കാൽ വെച്ചുറങ്ങുമിക്കാമിനിയെ
മെല്ലവേ മെയ് തൊട്ടുണർത്തി യദൃച്ഛയാ
നല്ല കാലത്തിന്റെ നിശ്വാസങ്ങൾ.

൩൨. പൂന്തേനിൻ തുള്ളിപോലെ,ങ്ങുനിന്നോ കുളിർ
പ്പൈന്തെന്നലെത്തിച്ചൊരാർഷസൂക്തം
കണ്ണു മിഴിപ്പിച്ചു ചുററുമേ നോക്കിച്ചു
കർണ്ണാന്തവിശ്രാന്തലോചനയെ.

൩൩. ക്രസ്തുവാം കൃഷ്ണന്റെ ധർമ്മോപദേശമാം
നിസ്തുലകോമളവീണാഗാനം
ഏതോ സ്വപ്നഗ്രാഹിയന്ത്രത്തിൽനിന്നാവിർ-
ഭൂതമായ് തൻചെവി പൂകിയാറേ

---

൩൧. ഏവം=ഇപ്രകാരം. സർപ്പോപധാനം=പാമ്പാകുന്ന തലയണ. അവളുടെ സമ്പത്തു ദുർവ്വ്യാപാരംകൊണ്ടുണ്ടായതാകയാൽ, ആ തലയണയെ സർപ്പം (ചെകുത്താൻ) ആക്കി കല്പിച്ചിരിക്കുന്നു. നല്ല കാലം (സൽപ്രേരണ) അവളെ മൌനനിദ്രയിൽനിന്നു തട്ടിയുണർത്തി ജീവിതാവസ്ഥയുടെ ആപൽകരത്വത്തെ അവൾക്കു കാണിച്ചുകൊടുത്തു.

൩൨. കുളിർപ്പൈന്തെന്നൽ=ഇളംകുളിർക്കാററ്. ആർഷസൂക്തം=യേശുക്രിസ്തുവിന്റെ ശ്രേഷ്ഠോപദേശം. കർണ്ണാന്ത......ന=സുന്ദരി. തന്റെ കർണ്ണത്തിൽ പതിച്ച ദിവ്യോപദേശം നായികയെ വല്ലാതെ പരിഭ്രമിപ്പിച്ചുവെന്നു താല്പര്യം.

൩൩. നിസ്തുലം=തുല്യമില്ലാത്തത്. കോമള......നം=മനോഹരമായ ഓടക്കുഴൽനാദം. ആവിർഭൂതമായ്=ഉണ്ടായി. സ്വ

Digitized By Kerala Sahitya Akademi

വൃന്ദാവനത്തിലെ മാൻപേടപോലെ നി-
ഷ്പന്ദയായ് നിന്നു മുഹൂർത്തമിവൾ;

൪൦. രക്ഷിക്ക ചാരിത്രമെന്നൊരാറക്ഷരം
നക്ഷത്രം പോലതാ തത്ര മിന്നി!
സാരം ഗ്രഹിച്ചിവൾ തൻജീവിതാധ്യായ-
മോരോന്നും വായിച്ചുനോക്കുകയായ്.
ചാരിത്രമെന്നൊരു വാക്കതിൽക്കണ്ടീലാ;
നാരിപ്പൂമ്പൂങ്കൊമ്പോ, നടുങ്ങിപ്പോയി!

ഷ്പന്ദ=അനക്കമില്ലാത്തവൾ. ഇവിടെ കവി യേശുക്രിസ്തുവി നെ ധർമ്മോപദേശവിഷയത്തിൽ കൃഷ്ണനാണെന്നു സങ്കല്പിക്കുന്നു. ഒരേ ധർമ്മതത്വങ്ങളെത്തന്നെ രണ്ടു മതങ്ങളിലും ഒന്നുപോലെ ദർശിക്കുന്ന ഒരു കവിക്കു രണ്ടവതാരപുരുഷന്മാരേയും ഐക്യബുദ്ധിയോടുകൂടി മാത്രമേ ഗണിപ്പാൻ സാധിക്കൂ. ശ്രീകൃഷ്ണന്റെ ഓടക്കുഴൽനാദം കേട്ടു വൃന്ദാവനത്തിലെ മാൻപേടകൾ ആനന്ദമൗനം പൂണ്ടതുപോലെ, ശ്രീയേശുക്രിസ്തുവിന്റെ ദിവ്യോപദേശം അതോ പറഞ്ഞുകേട്ടതോടുകൂടി നായിക കുറെ നേരത്തേക്കു നിശ്ചലയായി നിന്നുപോയി!

൪൦. ചാരിത്രം=പാതിവ്രത്യം. തൻജീവിതാ..........കയായ്=തന്റെ ജീവിതമാകുന്ന ഗ്രന്ഥത്തിലെ ഓരോ അധ്യായങ്ങളെ(ഘട്ടങ്ങളെ)യും വായിച്ചുനോക്കിയതിൽ താൻ ഒരു വലിയ വ്യഭിചാരിണിയാണെന്നു കണ്ടു നാരിപ്പൂങ്കൊമ്പ് (=സ്ത്രീശിരോമണിയായ നായിക) ഭയപ്പെട്ടു. വ്യഭിചാരം കേവലം പ്രവൃത്തിയിൽ മാത്രമല്ല, വ്യഭിചരിക്കണമെന്നുള്ള ഉദ്ദേശത്തോടെ നോക്കുന്നതുതന്നെയും വ്യഭിചാരമാണെന്നു ക്രിസ്തു പ്രസംഗിച്ചതു കേട്ടപ്പോൾ ചാരിത്രത്തെ അതിന്റെ പരമോൽകൃഷ്ടമായ അർത്ഥത്തിൽ രക്ഷിക്കേണ്ടതിന്റെ അവശ്യകത അവൾക്കു തികച്ചും ബോധപ്പെട്ടുവെന്നു മാത്രമല്ല, തന്റെ മുച്ചൂപ്

Digitized By Kerala Sahitya Akademi

൪൧. പാതാളക്കണ്ടിൽനിന്നമ്മണിപ്രാസാദ-
മേതൊന്നിലൂടെയാരൂഢയായ് താൻ;
അക്കോണി മാഹേന്ദ്രനീലനിബദ്ധമ-
ല്ലാ, ക്കെക്കരിംചളിക്കട്ടകളാൽ
കെട്ടിപ്പടുത്തതാണെന്നുള്ള വാസ്തവം
കുട്ടിനീമൌലിക്കു ബോധപ്പെട്ടു.

൪൨. ശാരദാപൌർണ്ണമീചന്ദ്രബിംബത്തൊടു
കേറിക്കയറ്റ തൻകേളിസൌധം
ബന്ധുരഗാത്രിക്കു ഭീഷണമായ്ത്തീർന്നി-
തന്ധതാമിസ്രപ്രദേശം പോലേ.

പങ്ങളെ ഓത്തു നായിക നടുങ്ങിപ്പോകകൂടിച്ചെയ്തുവെന്നു സാരം.

൪൧. മണിപ്രാസാദം=മണിമേട. ആരൂഢയായ്=കയറി. മാഹേന്ദ്രനീലനിബദ്ധം=ഇന്ദ്രനീലക്കല്ലാൽ കെട്ടപ്പെട്ടത്. കുട്ടിനീമൌലി=വേശ്യാശിരോമണി. താഴ്ന്ന ജീവിതത്തിൽനിന്നു ഉന്നതപദവിയിലെത്താൻ തന്നെ സഹായിച്ച വ്യാപാരം പരിശുദ്ധമായിട്ടുള്ളതല്ല; നേരെമറിച്ച് കരിഞ്ചളിക്കട്ടക്കുതുല്യം അറയ്ക്കത്തക്കതാകുന്നു എന്നു നായികക്കു ബോധപ്പെട്ടു.

൪൨. ശാര ......ബിംബം=ശരൽക്കാലത്തെ പൂർണ്ണചന്ദ്രബിംബം. കേളിസൌധം=വ്യഭിചാരകൃത്യത്തിന് ഉപകരിച്ചിരുന്ന സ്വന്തം മണിമാളിക. ബന്ധുരഗാത്രി=സുന്ദരി. ഭീഷണം =ഭയങ്കരം. അന്ധ..............പ്രദേശം—ഒരു ഘോരനരകം. ഇവിടംമുതൽ ൪൬-വരെയുള്ള പദ്യങ്ങളിൽ, സുഖാനുഭോഗങ്ങൾക്ക് ആസ്പദമെന്നു നായിക ഭ്രമിച്ചിരുന്ന ഓരോ വസ്തുവിലും അവൾക്കുണ്ടായ കഠിനമായ വൈരാഗ്യത്തെ പ്രകാശിപ്പിച്ചിരിക്കുന്നു.

Digitized By Kerala Sahitya Akademi

൪൩. തത്ര പലേടം തുറന്നു കിടക്കുന്ന
ചിത്രശില്പങ്ങളാം വാതിലുകൾ
തന്പിതൻ കണ്ണിനു, തിന്നും നരകങ്ങൾ
മുന്നിൽപ്പിളുർത്തിയ വായ്കളായി!

൪൪. അന്നത്തിൻ തൂവൽ നിറച്ചുണിക്കട്ടിലിൽ
മിന്നുന്ന പട്ടുകിടക്കകളെല്ലാം
കുത്തുമുത്തിടിന്ന കാരിരുമ്പാണികൾ
തുത്തുതറച്ചുള്ളൊന്നായിത്തോന്നീ.

൪൫. മെച്ചമിയന്ന പൊൻപഞ്ജരംതന്നിലെ-
പ്പച്ചമണിക്കിളിപ്പെൺകൊടയാൾ
'കൊച്ചമ്മേ, കൊച്ചമ്മേ, ആരു വരാഹ'നെ-
ന്നുച്ചരിക്കുന്ന കളാലാപമോ,
ദുഷ്കൃതരക്ഷസ്സിൻ തീക്ഷ്ണാട്ടഹാസത്ത-
യിക്കണ്ണിതിങ്കലടിച്ചുകേറീ!

---

൪൩. തത്ര=അവിടെ. ചിത്രശില്പങ്ങൾ=പലതരം കൊത്തുപണിയോടുകൂടിയവ.

൪൪. അന്നം=അരയന്നപ്പക്ഷി.

൪൫. പൊൻപഞ്ജരം=പൊൻകൂട്. പച്ച......ടിയാൾ=പെൺതത്ത. കളാലാപം=അവ്യക്തമധുരമായ വാക്ക്. ദുഷ്കൃത......ഹാസം=ദുഷ്കർമ്മപ്പിശാചിന്റെ ഭയങ്കരമായ അട്ടഹാസം. വേശ്യയുടെ ഗൃഹത്തിൽ വളത്തുന്ന തത്ത മുതലായ പക്ഷികൾ, അവിടെ കാമുകന്മാർ അടയ്ക്കുണ്ട തുകയെപ്പററി നടത്തുന്ന പേച്ചുകൾ ഉരുവിട്ടുകൊണ്ടിരിക്കുമെന്നു കവി സങ്കല്പിക്കുന്നു.

Digitized By Kerala Sahitya Akademi

൪൬. സ്ഫാടികവിസ്തൃതവാതായനങ്ങളിൽ
മോടിയിൽ തൂക്കിയ നീരാളങ്ങൾ,
ഭ്രാന്തമിളിന്ദമാം പ്രാന്തമലർത്തോപ്പിൽ
ത്തേൻതുള്ളി ചിന്നിച്ച തെന്നലേല്ക്കേ
നേർക്കിളകീടിന ദീർഘഞൊറികളാൽ
'നോക്കിക്കോ!' എന്നിവളോടു ചൊല്ലീ.

൪൭. പൊൻപിടിത്താലവൃന്തങ്ങളാൽ വീശാനോ
ചെമ്പദത്തണ്ടാർ തലോടുവാനോ
മററു ശുശ്രൂഷകളാദരാൽ ചെയ്വാനോ
ചുററും തൻവേലക്കാർ വന്നുനില്ക്കേ,
ചുട്ടു പരത്തുന്ന ചെന്തീപ്പിശാചുക്കൾ
ചൂഴെററ പോലിവൾ ചൂളുകയായ്

---

൪൬. സ്ഫാടി.....ളിൽ= കണ്ണാടികൊണ്ടുണ്ടാക്കിയ വിസ്താരമുള്ള ജനലുകളിൽ. ഭ്രാന്ത...മാം=വണ്ടുകൾ പറന്നു നടക്കുന്ന. പ്രാന്തമലർത്തോപ്പ്=സമീപസ്ഥമായ പൂന്തോട്ടം. ജനലുകളിൽ തൂക്കീട്ടുള്ള നീരാളമറകളുടെ നീണ്ട ഞൊറികൾ, കൈവിരൽ ചൂണ്ടി ശാസിക്കുന്ന മട്ടിൽ, അവളുടെ മഹാപാപത്തിനുള്ള ഭയങ്കരശിക്ഷയെപ്പററി അവളെ ഓർമ്മപ്പെടുത്തിയെന്നു സാരം.

൪൭. ചെമ്പദത്തണ്ടാർ=കാലാകുന്ന ചെന്താമരപ്പൂവ്. ചൂഴെററ=ചുററിലും നിന്നു. ചൂളുക=ചുളുങ്ങിവലിയുക. നായികയ്ക്കു പശ്ചാത്താപത്തിൽനിന്നുണ്ടായ സുഖവിരക്തിയെ ഇവിടെ പ്രകാശിപ്പിക്കുന്നു.

Digitized By Kerala Sahitya Akademi

൪൭. വൻമരുഭൂവൊന്നുയന്നു പരന്നിതു
തന്മനോരാജ്യത്തിൽ നാലുപാടും;
പച്ചയായൊന്നുമില്ലങ്ങാപ്പുറമ്പാകെ-
യുച്ചവെയിലേററരിഞ്ഞു ജ്വലിച്ചു.

൪൮. രാജയോഗ്യങ്ങളാം ഭോഗ്യങ്ങളൊക്കയും
യോജിച്ചു കാഞ്ചനക്കപ്പലേററി,
പോക്കണംകെട്ട ചെകുത്താനിവളെയാ-
ത്തീക്കടൽമദ്ധ്യത്തിൽ കൊണ്ടുതള്ളീ!

൪൯. ആളിന തിയ്യിൽനിന്നുത്ഥിതരായ് ച്ചില
കാളായസാംഗന്മാർ കൈകൾ നീട്ടി
ആഞ്ഞുപിടിച്ചു പുൽകാനായിത്തൻനേക്കു
പാഞ്ഞെത്തുന്നതായുമിവൾക്കു തോന്നീ.

൫൦. മാറിയൊഴിഞ്ഞെങ്ങു പായേണ്ടു? സങ്കട-
മാരോടു ചൊല്ലേണ്ടു തമ്പുരാനെ?
എള്ളും പൊരുതി കാണാതിവളങ്ങൊരു
പൈതലേപ്പോലെ വാവിട്ടുകേണു.

---

൪൭. താൻ വെയിലേററു കത്തിജ്വലിക്കുന്ന ഒരു മണലാരണ്യത്തിൻ നടുവിലാണ് നില്ക്കുന്നതെന്ന് അവൾക്കു തോന്നി.

൪൮. രാജ......ങ്ങൾ=രാജാക്കന്മാൎക്കുചിതമായ സുഖസാധനങ്ങളെല്ലാം. കാഞ്ചനക്കപ്പൽ=സ്വൎണ്ണക്കപ്പൽ. ആ മരുഭൂമിയെത്തന്നെയാണ് തീക്കടലാക്കി കല്പിച്ചിരിക്കുന്നത്.

൪൯. ഉത്ഥിതർ=എഴുന്നേററവർ. കാളായസാംഗന്മാർ=ഇരിമ്പുകൊണ്ടുള്ള ശരീരത്തോടുകൂടിയവർ.

൫൦. കേഴമാൻകണ്ണാൾ=സുന്ദരി. കേഴുന്നവൾ ആശ...

Digitized By Kerala Sahitya Akademi

'കേഴുക, കേഴുക, കേഴുമാറുകണ്ണാളെ!
'കേഴുവോർക്കാശ്വാസമേകും ദൈവം'!

൭൮. ധീരസഹസ്രത്തെ ലീലയാ കേഴിച്ച
നീലക്കണ്ണിണ തൂകും ബാഷ്പം,
ഏതോ വിശിഷ്ടമാം തീർത്ഥനീർപോലെയി-
പ്പാതകഭീതയെപ്പൂതയാക്കി.

൭൯. ആശു മറ്റെല്ലാം മറന്നിവൾക്കാശയം
യേശുമഹേശനിൽച്ചെന്നു പറ്റി:
'ഭാരാർത്തിതർക്കെല്ലാമത്താണി ഞാനെ'ന്നു
നേരായ് കഥിച്ച കൃപാലുവെന്യേ
ആർ പരമാശ്രയം പർവ്വതംപോലുള്ള
പാപം ചുമക്കുമിവർക്കു പാരിൽ?

൮൦. സർവ്വവും മലീമസചര്യയിൽനിന്നിവൾ
ദൈവവിശ്വാസത്തിലെത്തിച്ചേർന്നു

ക്ഷിപ്പിക്കപ്പെടും' എന്നു ക്രിസ്തുതന്നെ അരുളിച്ചെയ്തിട്ടുണ്ടല്ലോ.

൭൮. ധീരസഹസ്ര...ഴിച്ച=അനേകായിരം ധീരന്മാരെ നിഷ്പ്രയാസം കാമവേദനയാൽ കരയിച്ച. ബാഷ്പം=കണ്ണുനീർ. പാതകഭീത=പാപകർമ്മത്തെ ഓർത്തു ഭയപ്പെട്ടവൾ. പൂത=പരിശുദ്ധ.

൭൯. ആശയം=മനസ്സ്. ഭാരാ...ത്താണി=ഭാരം ചുമക്കുന്നവർക്കു ചുമടുതാങ്ങി. പാപഭാരത്താൽ വലയുന്നവർക്കു താൻ അത്താണിയാണെന്നു ക്രിസ്തുയേശു ബൈബളിൽ കഥിച്ചിട്ടുള്ള ദിവ്യസാന്ത്വനത്തെയത്രേ ഇവിടെ സൂചിപ്പിക്കുന്നത്.

൮൦. മലീമസചര്യ=മലിനമായ ജീവിതരീതി. സൂരൻ=

Digitized By Kerala Sahitya Akademi

കൂരിരുട്ടേറിയ രാവും ക്രമത്താലേ
സൂരന്റെ തേജസ്സിൽച്ചേർന്നു ലയിച്ചു!

൨൭. താനതു നേടിയ വിത്തമൊട്ടൊക്കെയുടൻ
ദീനജനങ്ങൾക്കായർപ്പിച്ചിവൾ
താപസംഹാരത്തിന്നീശനെധ്യാനിച്ചു
താപസവൃത്തിയിൽ വാഴ്കയായി.

൨൮. പില്പാടുമൊട്ടു നാളെല്ലാ വിടന്മാർതൻ
സസ്പൃഹവീക്ഷിതമിപ്പൂമെയ്യിൽ
വന്നേററു നോവിച്ചിരുന്നു കഠോരമാം-
വണ്ണം, കവിണക്കല്ലേറു പോലെ.

൨൯. ഇന്നലെ നാം കണ്ട തേവടിപ്പെണ്ണല്ലി-
തി,ന്നിവൾ ചാരിത്രചാരുമൂർത്തി!
ഒററ നാൾക്കൊണ്ടാകെ മാറിമറിഞ്ഞിവൾ
മാറൊറാരു ജന്മം ജനിച്ചപോലായ്.
മർത്ത്യനെക്കീഴ്പ്പോട്ടു തള്ളുന്നതായാൾതാൻ
മററാരുമല്ല കരേററുന്നതും.

സൂര്യൻ. എത്ര അന്ധകാരമയമായ ഹൃദയവും ഒരു കാലത്തു ജ്ഞാനോദയത്താൽ പ്രകാശിക്കും.

൨൭. വിത്തം = ധനം. താപസംഹാരം = ദുഃഖശാന്തി. താപസവൃത്തി = സർവ്വസംഗപരിത്യാഗം ചെയ്തു.

൨൮. പില്പാടും = പിന്നീടും. സസ്പൃഹവീക്ഷിതം = അത്യാഗ്രഹത്തോടുകൂടിയ നോട്ടം. 'കവിണക്കല്ലേറുപോലെ' എന്നതിന്റെ സ്വാരസ്യം ഇവളുടെ പദ്യംകൊണ്ടു വെളിപ്പെട്ടു.

൨൯. ചാരിത്ര...മൂർത്തി = പാതിവ്രത്യനിഷ്ഠയാൽ പരിശുദ്ധയായിട്ടുള്ളവൾ. മനുഷ്യന്റെ താഴ്ചയും ഉയർച്ചയും സ്വകർമ്മങ്ങളാൽതന്നെ.

Digitized By Kerala Sahitya Akademi

V

ഉവ്യ. സാധ്വീ ഗൃഹത്തിന്നകത്തു കടന്നു, താ-
ന്നോർത്ത സങ്കേതത്തിലെത്തിച്ചേർന്നു.
ശീമോനു ഭാവഃ പകർന്നു മുഖത്തു തെ-
ല്ലി,മഹിമാവെഴും തൻഗൃഹത്തിൽ
കില്ലെന്ന്യേ കേറിക്കടക്കയോ, കാണുകിൽ-
ക്കല്ലെറിയേണ്ടുന്ന തേവിടിശ്ശി!
എന്നാൽമറുത്തൊന്നും ചൊല്ലീലവൻെറ നാ-
വെന്തോ മഹാശക്തി ബന്ധിയ്ക്കയാൽ.
മിത്ഥ്യാഭിജാത്യമേ, നിൻ തേജസ്സിങ്കൽനി-
ന്നെത്ര തമസ്സിങ്ങു തിങ്ങുന്നീലാ?

ഉൻ. ചെന്ന വഴിയ്ക്കവൾ സാഷ്ടാംഗം വീണിതു
വന്ദ്യനാം നാഥൻെറ തൃപ്പാദത്തിൽ.

ഉവ്യ. സാധ്വീ=പതിവ്രത. കല്ലെറിയേണ്ടുന്ന തേവിടിശ്ശി. വ്യഭിചാരിണികളെന്നു തെളിയുന്ന സ്ത്രീകളെ യഹൂദന്മാർ കല്ലെറിഞ്ഞുകൊന്നിരുന്നതിനെയാണ് ഇവിടെ സൂചിപ്പിയ്ക്കുന്നത്. മിത്ഥ്യാഭിജാത്യം= വംശം, ധനം, എന്നു തുടങ്ങിയവയെപ്പററിയുള്ള അർത്ഥമില്ലാത്ത അഭിമാനം. പരിശുദ്ധയായ നായിക തേവിടിശ്ശിയാണെന്നു വിചാരിച്ചു ക്രോധാവിഷ്ടനായിത്തീർന്ന ശിമോൻെറ കലീനതാഗർവ്വം പോലുള്ള ഗർവ്വമാണ് ലോകത്തെ വാസ്തവത്തിൽ ഇരുട്ടിക്കുന്നതെന്നു സാരം.

ഉൻ. കന്നൽമിഴി=സുന്ദരി. വിരുന്നിൽ സംബന്ധിച്ചിരുന്നവരേയും സദസ്സിൻെറ ഗാംഭീര്യത്തേയും നോക്കാതെ അവൾ ചെന്നവഴിയ്ക്കുതന്നെ ക്രിസ്തുവിൻെറ പാദത്തിൽ വീണതിൽനിന്ന്, അവളുടെ ഭക്ത്യാധിക്യം വ്യഞ്ജിയ്ക്കുന്നു. (ക്ഷേത്രജ്ഞ-

Digitized By Kerala Sahitya Akademi

ഉത്തമഭക്ത്യാ താനുള്ളിൽ പ്രതിഷ്ഠിച്ച
നിത്യകല്യാണമാം ദിവ്യരൂപം
മുന്നിൽ വിളങ്ങവേ, മറെറാന്നു കാണുവാൻ
കണ്ണൽമിഴിയാൾക്കു കണ്ണെവിടെ?

൩൦. ഈശങ്കലായവൾക്കുള്ള രതിഭാവം—
പേശലശുഭ്രമാം പ്രേമപൂരം—
ഉള്ളിൽ നിറഞ്ഞു വഴിഞ്ഞു പുറത്തേയ്ക്കു
തള്ളിയൊഴുകി തൻകണ്ണിലൂടെ.

൩൧. പാപത്തിൻ കാറേറ പൊറാത്ത മഹേശനൻ
പാഥസ്സു നൽകാഞ്ഞ ദിവ്യപാദം
ക്ഷാളിതമായിതാസ്സംശുദ്ധൻ കാണ്കെത്താൻ
ധൂളിപ്പെണ്ണൊന്നിൻെറ കണ്ണുനീരാൽ!

വേളയിൽ യഹൂദന്മാർ വാതിലുകൾ തുറന്നിടുക സാധാരണമാണു്. പ്രവേശനാനുവാദം ഇല്ലെങ്കിൽത്തന്നെയും ആർക്കും അപ്പോൾ അകത്തു കടന്നുനോക്കിനിൽക്കാൻ സമുദായാചാരം അനുവദിച്ചിരുന്നു.

൩൦. രതിഭാവം = അനുരാഗം. (ബൈബിൾ സോളമൻെറ പാട്ടിൽ യേശുക്രിസ്തുവിനെ കാമുകനായും യഥാർത്ഥഭക്തനെ അഭിസാരികയായും വർണ്ണിച്ചിട്ടുണ്ട്. ഇതുകൊണ്ടത്രേ ൨൦-ാം പദ്യത്തിൽ കവി നായികയെക്കണ്ടു് അഭിസാരികയാണോ എന്നു ശങ്കിച്ചതു്), പേശ........പൂരം = നിഷ്കളമായ പ്രേമശക്തി. ഭക്തിപാരവശ്യത്താൽ അവൾക്കു കണ്ണീരൊഴുകി എന്നു സാരം.

Digitized By Kerala Sahitya Akademi

൩൨. പങ്കമകന്ന കണ്ണീരാൽ കഴുകിയ
തങ്കത്തൃക്കാൽകളെത്താഴ്മയോടെ
നേർത്ത പട്ടിനു നേർകൊണ്ട വാർകൂന്തലാൽ
തോർത്തിത്തുടച്ചവ രണ്ടിന്മേലും
ചെംപവിഴങ്ങൾ പതിയ്ക്കയായ് തന്വംഗി
തൻപരിപേലവമായ് മലരാൽ.
ഇന്നു നതാംഗി, നിൻ വക്ത്രം പവിത്രമായ്!
ഇന്നു നിൻ ചുംബനം സഫലമായി!!

൩൩. പിന്നീടു താൻ കൊണ്ടുവന്ന പാത്രത്തിലെ-
ധന്യമഹാർഘസുഗന്ധതൈലം
തൂകിനാളെമ്പാടും, പൂക്കളിൽത്തുമണം
പാകിയ കർത്താവിൻ മൂർദ്ധാവിങ്കൽ.

---

൩൧. പൊറാത്ത=സഹിക്കാത്ത. പാഥസ്സ്=വെള്ളം. ക്ഷാളിതം=കഴുകപ്പെട്ടത്. സാക്ഷാൽ ശ്രീയേശുവിനു കാൽകഴുകാൻ വെള്ളം കൊടുക്കാഞ്ഞ അഹങ്കാരി പാപത്തിന്റെ ഭാരമേല്ലാം സഹിയ്ക്കാത്തവനാണു—വ്യഭിചാരിണിയായിരുന്ന നായിക വീട്ടിൽക്കടന്നുവരുന്നതുകൂടി സഹിയ്ക്കാത്തവനാണു—പോൽ!

൩൨. തന്വംഗി=സ്ത്രീ. പരിപേല......രാൽ=മാർദ്ദവമുള്ള അധരങ്ങളാൽ. വക്ത്രം=മുഖം. പവിത്രം=പരിശുദ്ധം. വിടന്മാരുടെ ചുംബനംമൂലം അശുദ്ധിപ്പെട്ട അധരം ഇന്നു ക്രിസ്തുവിന്റെ തൃപ്പാദത്തിൽ ചെമ്പവിഴം പതിച്ചതിനാൽ (ചുംബിച്ചതിനാൽ) പരിശുദ്ധമായി.

൩൩. ധന്യ......ലം=ശ്രേഷ്ഠവും വിലയേറിയതുമായ സുഗന്ധതൈലം. കർത്താവ്=ജഗൽസ്രഷ്ടാവ്.

Digitized By Kerala Sahitya Akademi

൬൪. ആതിത്ഥ്യകാരിതൻ വൈരസ്യം കണ്ടിട്ടു,
പാതിത്യം നീക്കാൻ പിറന്ന ദേവൻ
വെൺചന്ദ്രികയ്ക്കു നിറം കൂട്ടുമാറൊന്നു
പുഞ്ചിരിക്കൊള്ളുകമാത്രം ചെയ്തു!

൬൫. വേശ്യതൻ സ്നേഹത്തിൽ മുങ്ങീ മഹേശ്വരൻ;
പാർശ്വസ്ഥരാശ്ചര്യസ്തബ്ധരായീ;
പാരാതവളുടെ സൽക്രിയാസൌരഭ്യം
താരാപഥത്തിലും വ്യാപരിച്ചു.

൬൬. കുബ്ജയാം സൈരന്ധ്രി രാജാംഗരാഗത്താ-
ലബ്ജദളാക്ഷനെയെന്നപോലെ,
അന്യാദൃശാമോദിതൈലാഭിഷേകത്താൽ

---

൬൪. ആതിഥ്യകാരി—ശിമോൻ. വൈരസ്യം=രസക്കേട്. പാതി......വൻ=ലോകത്തെ ഉദ്ധരിപ്പാനായി അവതരിച്ച ദൈവം. വേശ്യയുടെ സ്പർശനത്തിൽ ക്രിസ്തു വൈമുഖ്യം ഭാവിക്കുന്നില്ലല്ലോ എന്നു വിചാരിച്ചു നീരസപ്പെടുന്ന ശിമോനെ നോക്കി അദ്ദേഹം പുഞ്ചിരിതൂകിയെന്നുള്ളതു മൂലകഥയിലില്ലാത്തതാണെങ്കിലും, സന്ദർഭത്തിനു ഏററവും യോജിച്ചതും പരമകാരുണികനായ യേശുക്രിസ്തുവിന്റെ ഹൃദയാർദ്രതയെ വ്യക്തമായി പ്രകാശിപ്പിക്കുന്നതുമാകുന്നു.

൬൫. സ്നേഹം=തൈലം; പ്രേമം. പാർശ്വസ്ഥർ=ചുററും ഇരുന്നവർ. സൽക്രിയാസൌരഭ്യം=സൽപ്രവൃത്തിയുടെ വാസനം. താരാപഥം=ആകാശം.

൬൬. കുബ്ജ=കൂനി. സൈരന്ധ്രി=അലങ്കരിക്കുവാനുള്ള ദാസി. അന്യാദൃശാമോദി=അനന്യസാധാരണമായ സൌരഭ്യമുള്ളത്. കംസഗൃഹത്തിലെ സൈരന്ധ്രിയായ കുബ്ജ

Digitized By Kerala Sahitya Akademi

കന്യാതനൂജനെ പ്രീതനാക്കി,
തന്നുയിർ നാഥങ്കൽച്ചേർക്കുവാനായിട്ടോ
തന്നുടിയാൾ നീണ്ടൊരു വീർപ്പു വിട്ടു!
തൽഗളത്തിങ്കൽ നിന്നുൽഗതമായ് പിന്നെ-
ദ്ദൽഗദം പൂണ്ടൊരു വീണാഗാനം:—

൰൭. "നാഥ, തവാജ്ഞകൾ കേട്ടു നടക്കാതെ
നാനാപരാധങ്ങൾ ചെയ്തുപോയ് ഞാൻ;
ശാസിതാവായോനേ, സർവ്വം ക്ഷമിച്ചു തൻ
ദാസിയെത്തൃക്കാല്ക്കൽ നിർത്തണമേ!

൰൮. 'മുട്ടുവിൻ, വാതിൽ തുറക്കുമെന്നങ്ങുന്നു
പട്ടാംഗമായ് ച്ചൊന്നതോർത്തുകൊണ്ടേ,
താവകാനുഗ്രഹദ്വാരത്തിൽ മുട്ടമീ-
പ്പാവത്തിനേകുകിങ്ങുൾപ്രവേശം.

ശ്രീകൃഷ്ണഭഗവാനെ സുഗന്ധലേപനം ചെയ്തു അദ്ദേഹത്തിന്റെ പരമപ്രേമത്തിനു പാത്രമായിത്തീർന്ന ഹിന്ദുപുരാണകഥയാണ് ഇവിടെ ഉപമിച്ചിരിക്കുന്നത്.

൰൭. തൽഗളം = അവളുടെ കണ്ഠം. ഉൽഗതം = പൊങ്ങിയതു്. അവൾ വീണയെക്കാൾ മധുരസ്വരത്തിൽ തൊണ്ടയിടറിപ്പറഞ്ഞു. തവാജ്ഞകൾ = അങ്ങയുടെ (ഈശന്റെ) കല്പനകൾ. ശാസിതാവ് = ശാസിപ്പാൻ അധികാരമുള്ളവൻ.

൰൮. പട്ടാംഗം = സത്യം. 'ചോദിപ്പിൻ നൽകപ്പെടും; അന്വേഷിപ്പിൻ കണ്ടെത്തും; മുട്ടുവിൻ തുറക്കപ്പെടും' എന്നു യേശുക്രിസ്തു ലോകത്തോടു ചെയ്ത ദിവ്യപ്രതിജ്ഞയെ നായിക ഉദ്ധരിക്കുന്നു.

Digitized By Kerala Sahitya Akademi

൯. അല്ലൽപ്പെരുങ്കടൽക്കല്ലോലമാലയിൽ-
ത്തെല്ലല്ലലഞ്ഞു കുഴഞ്ഞു ഞാൻ;
ഏഴയാമെന്നെക്കരേററുവാൻ മററാരു-
ണ്ടാഴിയ്ക്കു മീതേ നടന്നവനേ?

൧൦. ലീലയാ കണ്ടു ചിരിപ്പാനായ് വഞ്ചകൻ
മേലേ വിരിച്ചിട്ട പുൽപ്പരപ്പിൽ (ലംബ-
മേയാനായ് ച്ചെന്നൊരു പെൺമാൻ നിരാ
യായിത്താ, വീണുപോയ് മുക്കുഴിയിൽ.

൧൧. തേന്മൊഴിയാളിതു ചൊന്നതോടൊപ്പമേ
തേങ്ങിക്കരഞ്ഞുപോയ് തെല്ലുനേരം;
അബ്ബാഷ്പവർഷത്തിലീശന്റെ ഹൃൽസര-
സ്സുൽപൂർണ്ണമായി കൃപാമൃതത്താൽ.

൧൨. "ചെയ്യരുതാത്തതു ചെയ്യുവളെങ്കിലു-
മിയ്യെന്നെത്തള്ളല്ലേ തമ്പുരാനേ!......

---

൯. അല്ലൽ.........മാല=ദുഃഖമാകുന്ന സമുദ്രത്തിലെ തിരമാല. ആഴിയ്ക്കു മീതെ നടന്നവൻ—ക്രിസ്തു ഗലീലക്കടലിൻ മീതെ നടന്ന കഥയെ സൂചിപ്പിക്കുന്നു.

൧൦ ലീലയാ=കളിയായിട്ട്. നിരാലംബ=ആശ്രയമില്ലാത്തവൾ. വഞ്ചകന്റെ (ചെകുത്താന്റെ) ദുഷ്പ്രേരണയിൽ ഭ്രമിച്ച് അബലയായ ഞാൻ പാപകൂപത്തിൽ വീണുപോയിയെന്നു താൽപര്യം.

൧൧. ബാഷ്പവർഷം=കണ്ണുനീർമഴ. ഹൃൽസരസ്സ്=ഹൃദയമാകുന്ന പൊയ്ക. ഉൽപൂർണ്ണം=നിറഞ്ഞത്. കൃപാമൃതം=കൃപയാകുന്ന വെള്ളം (അമൃത് എന്നും.) നായികയുടെ കരച്ചിൽ കണ്ടപ്പോൾ ക്രിസ്തുവിനു വളരെ അനുകമ്പതോന്നി.

൧൨. ക്രിസ്തുഭഗവാന്റെ തൃക്കൈകൾ തീയിനെപ്പോലും

Digitized By Kerala Sahitya Akademi

തിയ്യിനെപ്പോലും തണുപ്പിയ്ക്കുമിപ്പൊൻതൃ-
ക്കയ്യിനാൽത്തീർത്തവള്ളല്ലൊ ഞാനും.

൧൩. ദുഷ്ടപ്പരുന്തിന്റെ വായിൽനിന്നീഗ്ഗതി
കെട്ട കപോതിയെദ്ദീനബന്ധോ,
അഞ്ജസാ വീണ്ടെടുത്തെൻ തിരുമേനിതൻ
പഞ്ജരം തന്നിലണയ്ക്കേണമേ!"

൧൪. സാത്വികഭക്തിയാം തേൻ പെരുമീവക
പ്രാർത്ഥനാവാക്യകളായ പൂക്കൾ
ദന്തകുന്ദാഭയാം വെണ്മട്ടനാലിന്മേൽ-
ച്ചന്തത്തിൽക്കോർത്തൊരു മാലയാക്കി,
വിണ്ണിൻ പെരുമാൾതൻ മുന്നിൽസ്സമർപ്പിച്ച
ദണ്ഡനമസ്കാരം ചെയ്തു വീണ്ടും
ആ മണിതൃക്കഴൽ ചുംബിച്ചിതോമലാൾ,
താമരത്താരൊരു ഹംസി പോലെ.

തണുപ്പിപ്പാൻ ശക്തമായതിനാൽ ആ കൈയാൽത്തന്നെ നിർമ്മിക്കപ്പെട്ട നായികയുടെ കഠോരപാപത്തെ ഹനിപ്പാൻ അവിടുത്തെയ്ക്കു ഒരു പ്രയാസവുമില്ലെന്നു നായിക സമർത്ഥിക്കുന്നു.

-- ൧൩. ദുഷ്ടപ്പരുന്ത്=പിശാചാകുന്ന പരുന്ത്. കപോതി=പെൺപ്രാവ്. അഞ്ജസാ=വേഗത്തിൽ. പഞ്ജരം=കൂട്.

൧൪. സാത്വികഭക്തി=പരിശുദ്ധഭക്തി. ദന്ത.........മാല=പല്ലുകളാകുന്ന മുല്ലമൊട്ടുകളുടെ ശോഭയോടുകൂടിയ വെണ്മട്ടനാലിന്മേൽ കോർത്ത മാല. (അവൾ പ്രാർത്ഥിച്ചുവെന്നു താൽപര്യം.) വിണ്ണിൻപെരുമാൾ=സ്വർഗ്ഗത്തിന്റെ നാഥൻ. താമരത്താര്=താമരപ്പൂവ്. ഹംസി=അരയന്നപ്പിട.

Digitized By Kerala Sahitya Akademi

൧൫. ചുററുമൊരാനന്ദശാന്തത ചേർന്നിതു;
മുററുമനങ്ങാതായ് ദീപനാളം;
ചന്ദ്രമസ്സന്നിദ്രനക്ഷത്രമധ്യത്തിൽ
നിന്നു വിളങ്ങിനാനൊന്നുകൂടി.

൧൬. ഘോരനരകത്തിൽനിന്നാശു വിണ്ണിലേ-
ക്കേറുന്ന സാധ്വിയെക്കൊണ്ടാടാനോ,
ശുഭ്രമേഘങ്ങളാം വെള്ളിവിമാനങ്ങ-
ളഭ്രസ്ഥലത്തങ്ങു വന്നു നില്പായ്!

൧൭. ഏതിൻ തടത്തിലെ മുക്കവർ യേശുവാം
നേതാവു നൽകിയ നേർവലയാൽ

---

൧൫. നാളം=ജ്വാല. ചന്ദ്രമസ്സ്=ചന്ദ്രൻ ഒന്നുകൂടി=കുറെക്കൂടി.

൧൬. വിണ്ണ്=സ്വർഗ്ഗം. ശുഭ്രമേഘങ്ങൾ=വെളുത്ത മേഘങ്ങൾ. അഭ്രസ്ഥലം=ആകാശം.

൧൭. തടം=കര. പാപിനീമുക്തി=പാപിനിയായ നായികയ്ക്കു് ലഭിച്ച പാപമോചനം. ഗലീലക്കടൽത്തീരത്തു മീൻ പിടിച്ചു താമസിച്ചിരുന്ന ഏതാനും യഹൂദമുക്കവന്മാരെയായിരുന്നു ക്രിസ്തുയേശു തൻെറ ശിഷ്യരായി തെരഞ്ഞെടുത്തതു്. അവരെ ശിഷ്യന്മാരായി സ്വീകരിച്ച സന്ദർഭത്തിൽ അവരിനി മത്സ്യം പിടിക്കുന്നവരല്ല, അവരെ തൻെറ സനാതനരാജ്യത്തിലെ പ്രജകളായിത്തീരുവാനുള്ള മനുഷ്യവർഗ്ഗത്തെ പിടിക്കുന്നവരാകുമെന്നു ക്രിസ്തുതന്നെ വാഗ്ദാനംചെയ്തിരുന്നു. ഈ മുക്കവരുടെ വേലയുടെ ഫലമാണ് ഇന്നു ലോകത്തിൽ കാണപ്പെടുന്ന സർവ്വക്രിസ്തീയസഭകളും. ഇക്കൂട്ടത്തിൽ ഒരാളായ സെൻറതോമസ്സ് അപ്പോസ്തലൻ ക്രിസ്ത്വബ്ദം ൫൨-ൽ സ്ഥാപിച്ചതാണ്

Digitized By Kerala Sahitya Akademi

ആടൽപ്പെട്ടത്താതെ പുണ്യമത്സ്യങ്ങളെ–
ത്തേടിപ്പിടിപ്പവരായ്ച്ചമഞ്ഞു;
അഗ്ഗലീലക്കടൽ പാപനിർമ്മുക്തി ക–
ണ്ടഗ്ര്യപ്പെരുംപറ കൊട്ടിയാർത്തു!

൨൭. അത്തൽകൊണ്ടന്ധയാമമ്മഹാഭക്തയെ–
ക്രിസ്തുഭഗവാന്റെ തൃക്കടാക്ഷം
ആസ്ഥയാ സ്പർശിച്ചു, സുപ്രഭാതാർക്കന്റെ–
യാദ്യാംശുകന്ദളമെന്നപോലെ.

൨൮. പ്രേമസ്വരൂപങ്കൽനിന്നൊരിറ്റുൾക്കൃപ
ത്തൂമധുരോക്തിയായ് നിർഗ്ഗളിച്ചു,
അച്ചാതകിയ്ക്കിനി മേലിലൊരിക്കലു–
മുട്ടുപെട്ടുഴലായ്‌വാൻ തക്കവണ്ണം:—

കേരളത്തിലെ സുറിയാനിസഭ എന്നുള്ളതു ചരിത്രപ്രസിദ്ധമാണല്ലോ. ശിഷ്യവർഗ്ഗത്തോടു ക്രിസ്തു ചെയ്ത വാഗ്ദാനത്തെയത്രേ കവി ഇവിടെ സൂചിപ്പിക്കുന്നത്. ൨൦– മുതൽ ൨൨– വരെയുള്ള പദ്യങ്ങൾകൊണ്ടു നായികയുടെ പാപശാന്തിയിലും മുക്തിലാഭത്തിലും പ്രകൃതികൂടി സന്തോഷിക്കുന്നതായി സന്ദർഭോചിതമായ വർണ്ണനകൾകൊണ്ടു വെളിപ്പെടുത്തിയിരിക്കുന്നു.

൨൭. അത്തൽ=ദുഃഖം. ആസ്ഥ=ആദരം. സുപ്രഭാതാ...…ന്ദളം=പ്രഭാതസൂര്യന്റെ ഒന്നാമത്തെ രശ്മി.

൨൮. പ്രേമസ്വരൂപൻ=പ്രേമംതന്നെ സ്വരൂപമായിട്ടുള്ളവൻ. തൂമധുരോക്തി=പരിശുദ്ധമായ മധുരവാക്ക്. നിർഗ്ഗളിച്ചു=ഒഴുകി. ചാതകി=വേഴാമ്പൽപ്പിട. മഴപെയ്യുമ്പോൾ ആ വെള്ളം കുടിച്ചത്രേ ഈ പക്ഷികൾ ദാഹം തീർക്കുക.

Digitized By Kerala Sahitya Akademi

൮൦. "പോയ്ക്കൊൾക പെൺകുഞ്ഞേ, ദുഃഖം (വെടിഞ്ഞു നീ-
യുൾക്കൊണ്ട വിശ്വാസം കാത്തു നിന്നെ.
അപ്പപ്പോൾ പാതകം ചെയ്തതിന്നൊക്കയു-
മിപ്പശ്ചാത്താപമേ പ്രായശ്ചിത്തം!"

*   *   *   *   *

വ്യാ. പശ്ചാത്താപം=ചെയ്തുപോയ പ്രവൃത്തിയെപ്പറ്റി പിന്നീടുണ്ടാകുന്ന ദുഃഖം. ക്രിസ്തുമതഗ്രന്ഥങ്ങളിൽ 'ഈ പശ്ചാത്താപത്തിനു മാനസാന്തരം' എന്നു പേർ നൽകിയിരിക്കുന്നു. 'മകളേ, നിന്റെ വിശ്വാസം നിന്നെ രക്ഷിച്ചിരിക്കുന്നു. സമാധാനത്തോടെ പോക' എന്നുള്ള ക്രിസ്തുവിന്റെ സാന്ത്വനവചസ്സാണ് ഇവിടെ ഉദ്ധരിച്ചിട്ടുള്ളത്. പാപത്തെക്കുറിച്ചു ഹൃദയപൂർവം ദുഃഖിക്കുക; അവയെ ജഗൽസ്രഷ്ടാവിനോട് ഏററുപറയുക; മേലിൽ പാപംചെയ്യാൻ തക്കവണ്ണം അന്തഃകരണത്തിന്റെ പ്രേരണാശക്തിയെ അമർത്തിക്കളയുകയില്ലെന്നു ദൃഢനിശ്ചയം ചെയ്യുക, എന്നിത്രയുംകൊണ്ടു പാപശാന്തി പ്രാപിക്കാമെന്നുള്ള വേദതത്ത്വം ഇവിടെ സൂചിപ്പിക്കപ്പെട്ടിരിക്കുന്നു.

Digitized By Kerala Sahitya Akademi

Digitized By Kerala Sahitya Akademi